2023
NOVEMBER
06
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## കോഹ്‌ലിക്ക് റെക്കോഡ്

**ഏകദിന ക്രിക്കറ്റിൽ 49 സെഞ്ചുറി എന്ന സച്ചിൻ ടെൻഡുൽക്കറുടെ റെക്കോഡിനൊപ്പം വിരാട് കോഹ്‌ലി**

**കൊൽക്കത്ത:** ദക്ഷിണാഫ്രിക്കയ്ക്കെതിരേ ലോകകപ്പിൽ ഇന്ത്യക്ക് 243 റൺസിൻറെ പടുകൂറ്റൻ വിജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 326 റൺസെടുത്തു. ദക്ഷിണാഫ്രിക്ക 27.1 ഓവറിൽ വെറും 83 റൺസിന് ഓൾഔട്ടാകുകയായിരുന്നു.

മത്സരത്തിൽ വിരാട് കോഹ്‌ലി, ഏറ്റവും കൂടുതൽ ഏകദിന സെഞ്ചുറി എന്ന സച്ചിൻ ടെൻഡുൽക്കറുടെ റെക്കോഡിന് ഒപ്പമെത്തി; അതും തകോഹ്‌ലി ജന്മദിനത്തിൽ. ടൂർണമെൻറിൽ രണ്ടാം സെഞ്ചുറി കണ്ടെത്തിയ കോഹ്‌ലി, കരിയറിൽ 49ഠം ഏകദിന സെഞ്ചുറിയാണ് പൂർത്തിയാക്കിയത്.

## സംസ്ഥാനത്ത് 8 സിക്ക കേസുകൾ സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** തലശേരി ജില്ലാ കോടതിയിൽ സിക്ക രോഗം സ്ഥിരീകരിച്ചപ്പോൾ തന്നെ പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നതായി ആരോഗ്യ വകുപ്പ്. 8 സിക്ക കേസുകളാണു സ്ഥിരീകരിച്ചത്. പ്രദേശത്തുള്ള ഗർഭിണികളെ ആരോഗ്യ വകുപ്പ് പ്രത്യേകം നിരീക്ഷിച്ചു വരുന്നു. എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും ജാഗ്രതാ നിർദേശവും മാർഗനിർദേശങ്ങളും നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾക്ക് കൂടി ജാഗ്രതാ നിർദേശം നൽകിയതായും മന്ത്രി വീണാ ജോർജ് അറിയിച്ചു.



ഒക്ടോബർ 30ന് ആദ്യ സിക്ക കേസ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 31നു തന്നെ ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ ആർ ആർടി സംഘവും പ്രദേശം സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. തുടർന്ന് സംഘം നവംബർ 1, 2, 5 തീയതികളിലും സന്ദർശിച്ചു. നവംബർ ഒന്നിന് ജില്ലാ കോടതിയിൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. അതിൽ 55 പേർ പങ്കെടുത്തു.

24 സാംപിളുകൾ പരിശോധനയ്ക്കായി അയച്ചു. നവംബർ രണ്ടിന് കണ്ണൂരിൽ നിന്നും കോഴിക്കോട് നിന്നും വിദഗ്ധ മെഡിക്കൽ സംഘം സ്ഥലം സന്ദർശിച്ചു. സിക്ക വൈറസ് പരത്തുന്ന കൊതുകിൻറെ ഉറവിട നശീകരണത്തിനായി ഫോഗിങ്, സ്പ്രേയിങ് എന്നിവ നടത്തി. ഉറവിട നശീകരണത്തിൻറെ ഭാഗമായി ലാർവ സർവെ നടത്തി. ഈഡിസ് ലാർവകളെയും കൊതുകുകളേയും ശേഖരിച്ച് സംസ്ഥാന എൻഡമോളജി വിഭാഗത്തിലേക്ക് അയച്ചു. കോടതിക്ക് പുറത്ത് ആരോഗ്യ പ്രവർത്തകർ 104 വീടുകൾ സന്ദർശിച്ചു. ഇതുകൂടാതെ നവംബർ 5ന് ഫോഗിങ്, സോഴ്സ് റിഡക്ഷൻ, എൻഡോമോളജിക്കൽ സർവെ എന്നിവ നടത്തി.

ഈഡിസ് കൊതുകുകൾ പരത്തുന്ന രോഗമാണ് സിക്ക. ആശങ്കപ്പെടേണ്ട കാര്യമില്ല ജാഗ്രതയാണ് വേണ്ടത്. സാധാരണ ഇത് കുഴപ്പമില്ലെങ്കിലും ഗർഭിണികളെ ബാധിച്ചാൽ ഗർഭസ്ഥ ശിശുവിന് മൈക്രോ കെഫാലി പോലുള്ള വൈകല്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. കുട്ടികളും പ്രായമായവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# സൈന്യത്തിലെ വനിതകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ

### പ്രസവം, ശിശു പരിപാലനം, കുട്ടികളെ ദത്തെടുക്കൽ എന്നിവയ്ക്കുള്ള അവധി ആനുകൂല്യങ്ങൾ ഏകീകരിക്കും

**ന്യൂഡൽഹി:** രാജ്യത്തെ കര, നാവിക, വ്യോമ സേനകളിൽ അംഗങ്ങളായ മുഴുവൻ വനിതകൾക്കും പ്രസവം, ശിശു പരിപാലനം, കുട്ടികളെ ദത്തെടുക്കൽ എന്നിവയ്ക്കുള്ള അവധി ആനുകൂല്യങ്ങൾ ഏകീകരിക്കുന്നതിനുള്ള ശുപാർശയ്ക്ക് കേന്ദ്ര സർക്കാരിൻറെ പച്ചക്കൊടി. ഉയർന്ന ഉദ്യോഗസ്ഥർ മുതൽ സൈനികർ വരെയുള്ള വ്യത്യസ്ത തസ്തികകളിൽ പ്രവർത്തിക്കുന്നവർക്ക് ഇക്കാര്യങ്ങളിൽ ഇനി ഒരേ പോലെ ആനുകൂല്യം ലഭിക്കും. സായുധ സേനയിലെ സ്ത്രീകൾക്ക് പ്രൊഫഷനൽ മേഖലയും കുടുംബജീവിതവും മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടു പോകാൻ ഈ തീരുമാനം സഹായിക്കുമെന്നും ശുപാർശയ്ക്ക് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് അംഗീകാരം നൽകിയെന്നും പ്രതിരോധ മന്ത്രാലയം.



നിലവിൽ ഉദ്യോഗസ്ഥ റാങ്കിലുള്ള വനിതകൾക്ക് രണ്ടുതവണ മുഴുവൻ ശമ്പളത്തോടെ 180 ദിവസം പ്രസവാവധി ലഭിക്കും. സർവീസ് കാലയളവിൽ 360 ദിവസം ശിശുപരിപാലന അവധിയും ലഭ്യമാണ്. കുട്ടിക്ക് 18 വയസാകും മുൻപാണ് ഈ ആനുകൂല്യം ലഭിക്കുക. ദത്തെടുക്കലിന് 180 ദിവസം അവധി ലഭിക്കും. നരേന്ദ്ര മോദി സർക്കാരിൻറെ നാരീശക്തി മുദ്രാവാക്യത്തിനൊപ്പമാണു തീരുമാനമെന്നും പ്രതിരോധ വൃത്തങ്ങൾ. നിയമം പ്രാബല്യത്തിൽ വരുന്നതോടെ സൈന്യത്തിലെ എല്ലാ സ്ത്രീകൾക്കും അത്തരം അവധികൾ അനുവദിക്കുന്നത് ഒരുപോലെ ബാധകമാകുമെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. സായുധ സേനയിലെ എല്ലാ സ്ത്രീകളെയും അവരുടെ റാങ്കുകൾ പരിഗണിക്കാതെ ഉൾക്കൊള്ളുന്ന കാഴ്ചപ്പാടിൻറെ അടിസ്ഥാനത്തിലാണ് തീരുമാനം. സായുധ സേനയുമായി ബന്ധപ്പെട്ട സ്ത്രീകളുടെ പ്രത്യേക കുടുംബ, സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ലീവ് നിയമങ്ങളുടെ വിപുലീകരണം വളരെയധികം ഗുണം ചെയ്യും. ഈ നടപടി സൈന്യത്തിലെ സ്ത്രീകളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.



# നവകേരള സദസ്: തൃക്കാക്കര മണ്ഡലം സംഘാടക സമിതി യോഗം ചേർന്നു

**കൊച്ചി:** നവകേരള നിർമ്മിതിയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടത്തുന്ന നവകേരള സദസിന്റെ ഭാഗമായി തൃക്കാക്കര മണ്ഡലം സംഘാടക സമിതി യോഗം ചേർന്നു. കാക്കനാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ സംഘാടകസമിതി ചെയർമാനും മുൻ മേയറുമായ സി.എം. ദിനേശ് മണി അധ്യക്ഷത വഹിച്ചു.

സംഘാടക സമിതി കൺവീനറായ ഡെപ്യൂട്ടി കളക്ടർ ബി. അനിൽകുമാർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല എന്നിവർ സർക്കാർ നിർദ്ദേശങ്ങൾ വിശദീകരിച്ചു. പരിപാടിയുടെ വിജയത്തിലേക്ക് സർക്കാർ ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരും ഉൾപ്പെട്ട 10 സബ് കമ്മിറ്റികൾ രൂപീകരിച്ചു.

താഴെത്തട്ടിൽ പ്രചാരണം നടത്തുന്നതിനായി കൊച്ചി കോർപ്പറേഷൻ, തൃക്കാക്കര നഗരസഭ എന്നിവ ഉൾപ്പെട്ട മണ്ഡലത്തെ 11 മേഖലകളായി തിരിച്ച് മേഖലാ കമ്മിറ്റികൾ രൂപീകരിച്ചു. മണ്ഡലത്തിലുടനീളം വ്യാപക പ്രചാരണം നടത്തി നവകേരള സദസ്സ് വിജയകരമാക്കാൻ യോഗം തീരുമാനിച്ചു.

# കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ദന്തരോഗ വിഭാഗത്തിന് തുടക്കമായി

**കൊച്ചി:** കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ദന്തരോഗ വിഭാഗത്തിന് തുടക്കമായി. റോജി എം ജോൺ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 2022 23, 2023 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 26.2 ലക്ഷം രൂപ ചെലവഴിച്ചാണ് ദന്തരോഗ വിഭാഗത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

ദന്ത ഒ. പി ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടത്തിൽ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ആണ് ഇവിടെനിന്ന് സേവനം ലഭിക്കുക. എല്ലാ ദിവസവും ദന്തൽ ഒ.പി സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ചടങ്ങിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ അധ്യക്ഷത വഹിച്ചു. കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പള്ളി മുഖ്യാതിഥിയായി. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു കാവുങ്ങ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ മേരി ദേവസി കുട്ടി, ആൻസി ജിജോ, സിജോ ചൊവ്വരാൻ, എം. ഒ ജോർജ്, ഷിജി ജോയ്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. കെ. എൻ സതീഷ്, കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. നസീമ നജീബ് തുടങ്ങിയവർ പങ്കെടുത്തു.

# മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ ഷീ ക്യാംപയിൻ സംഘടിപ്പിച്ചു

**കൊച്ചി:** ഹോമിയോപ്പതി വകുപ്പിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെയും ഹോമിയോ ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഷീ ക്യാംപയിൻ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വത്സല കുമാരി വേണു ഉദ്ഘാടനം ചെയ്തു.

വനിതകളിലൂടെ സാമൂഹികാരോഗ്യം എന്ന സമഗ്ര സമീപനം ലക്ഷ്യമിട്ട് ആരംഭിക്കുന്ന പദ്ധതിയാണ് ഷീ (സുസ്ഥിര ആരോഗ്യം മെച്ചപ്പെടുത്തൽ). ആർത്തവ സംബന്ധമായ അസുഖങ്ങൾ, മാനസിക പിരിമുറുക്കം, തൈറോയ്ഡ് ഗ്രന്ഥിയുമായി ബന്ധപ്പെട്ട രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം എന്നീ അവസ്ഥകളെ പ്രതിരോധിക്കുന്നതിനും തുടക്കത്തിൽ തന്നെ ചികിത്സ തേടുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുക എന്നതും ഇതിന്റെ പൂർത്തീകരണത്തിനായി ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ പരിചയപ്പെടുത്തുക എന്നതുമാണ് ക്യാംപയിനിന്റെ ലക്ഷ്യം.

മഞ്ഞപ്ര എൻ.എസ്.എസ് ഹാളിൽ നടന്ന പരിപാടിയിൽ വൈസ് പ്രസിഡന്റ് ബിനോയ് ഇടശ്ശേരി അധ്യക്ഷനായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജാൻസി ജോർജ്, മെമ്പർമാരായ സൗമിനീ ശശീന്ദ്രൻ, സി.വി അശോക് കുമാർ, അനു ജോർജ്, സിജു ഈരാളി, ഷെമിത ബിജോ, ജേക്കബ്ബ് മഞ്ഞളിൽ, സീന മാർട്ടിൻ, മഞ്ഞപ്ര ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ.അനിശ്രീ പ്രകാശ് എന്നിവർ പങ്കെടുത്തു. ഗുഡ് ഹെൽത്ത് പ്രാക്ടീസ് എന്ന വിഷയത്തിൽ തുറവൂർ എ.പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ. ജീവൻ പി. എസ് ബോധവൽക്കരണ ക്ലാസ് നയിച്ചു.

## നിപ ബാധിച്ച ഒൻപത് വയസ്സുകാരന്റെ ചികിത്സാ വിജയം:

# കോഴിക്കോട് ആസ്റ്റർ മിംസ് സന്ദർശിച്ച് ജപ്പാനിൽ നിന്നുള്ള മെഡിക്കൽ സംഘം



നിപ ബാധിച്ച ഒൻപത് വയസ്സുകാരന്റെ ചികിത്സാ വിജയം പഠിക്കാൻ ജപ്പാനിൽ നിന്നുള്ള മെഡിക്കൽ സംഘം കോഴിക്കോട് ആസ്റ്റർ മിംസ് സന്ദർശിച്ചപ്പോൾ

**കോഴിക്കോട്:** നിപ പ്രതിരോധത്തിൽ കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയുടെ മാതൃക പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം. മിംസിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനായി ജപ്പാൻ സർക്കാരിന്റെ പ്രതിനിധി സംഘം ആസ്റ്റർ മിംസിൽ സന്ദർശനം നടത്തി. നിപ മൂർച്ഛിച്ച് വെന്റിലേറ്ററിൽ കഴിയേണ്ടി വന്ന രോഗിയെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരാൻ മിംസിന് കഴിഞ്ഞിരുന്നു. ഇത്തരത്തിലുള്ള ചികിത്സ മികവുകൾ പഠിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ജപ്പാൻ സംഘത്തിന്റെ സന്ദർശനം.

ജപ്പാനിലെ നാഷണൽ സെന്റർ ഫോർ ഗ്ലോബൽ ഹെൽത്ത് ആൻഡ് മെഡിസിനിലെ മുതിർന്ന ഉദ്യോഗസ്ഥരായിരുന്നു പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്. എൻ.സി.ജി.എമ്മിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്ലോബൽ ഔട്ട്ബ്രേക്ക് ഇന്റലിജൻസ്, കപ്പാസിറ്റി ബിൽഡിങ് ആൻഡ് ഡിപ്ലോയ്മെന്റ് കോഡിനേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ ഡോ. യുകിമാസ മറ്റ്സുസാവയുടെ നേതൃത്വത്തിലായിരുന്നു ആറംഗ സംഘം എത്തിയത്. എൻ.സി.ജി.എമ്മിലെ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ സെന്റർ ഡെപ്യൂട്ടി ചീഫ് മെഡിക്കൽ ഡയറക്ടർ ഡോ. ഷിനിചിറോ മോറിയോക്ക, ഡോ. യുതാരോ അകിയാമ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസിലെ വെറ്ററിനറി സയൻസ് വിഭാഗം മുഖ്യ ഗവേഷകനായ ഡോ. യോഷിഹിരോ കാക്കു, സെന്റർ ഫോർ ഫീൽഡ് എപ്പിഡെമിക് ഇന്റലിജൻസ് റിസർച്ച് ആൻഡ് പ്രൊഫഷണൽ ഡെവലപ്മെന്റിലെ ഗവേഷകനായ ഡോ. ചിയാക്കി ഇകെന്യൂ എന്നിവരായിരുന്നു സംഘത്തിലെ മറ്റുള്ളവർ.

സംസ്ഥാനത്തെ മുഴുവൻ ഭീതിയിലാഴ്ത്തിയ നിപയെ ലോകത്തിന് തന്നെ മാതൃകയാകുന്ന പ്രതിരോധ പ്രവർത്തനങ്ങളിലൂടെയായിരുന്നു കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രി വരുതിയിലാക്കിയത്. രോഗം മൂർച്ഛിച്ച് വെന്റിലേറ്ററിൽ കഴിയേണ്ടി വന്ന രോഗിയെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചത് ലോകചരിത്രത്തിൽ തന്നെ ആദ്യ സംഭവമായിരുന്നു. ഇതു സംബന്ധിച്ച് അന്തർദേശീയ മാധ്യമങ്ങളിൽ അടക്കം വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ട ജപ്പാനിലെ ആരോഗ്യ വകുപ്പ് മേധാവികൾ ഇന്ത്യയിലെ ജപ്പാൻ എംബസി വഴി വിവരങ്ങൾ ശേഖരിക്കുകയും നിപ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഡോക്ടർമാരുമായി ആശയവിനിമയം നടത്താൻ ആസ്റ്റർ നോർത്ത് കേരള ക്ലസ്റ്റർ ക്രിട്ടിക്കൽ കെയർ വിഭാഗം ഡയറക്ടർ ഡോ. എ.എസ് അനൂപ് കുമാറിനെ സമീപിക്കുകയായിരുന്നു.

വ്യാഴാഴ്ച രാവിലെ ആശുപത്രിയിലെത്തിയ എത്തിയ ജപ്പാൻ സംഘം ആശുപത്രിയിൽ ലഭ്യമാക്കിയിരിക്കുന്ന കുട്ടികളുടെയും മുതിർന്നവരുടെയും ഐ സി യൂ സംവിധാനങ്ങൾ സന്ദർശിച്ചു, തുടർന്ന് നിപ രോഗബാധിതരുടെയും സമ്പർക്കത്തിൽ ഉണ്ടായിരുന്നവരുടെയും പരിശോധന ഫലങ്ങളും ചികിത്സാരീതികളും പരിശോധിച്ചു. രോഗ ലക്ഷണങ്ങൾ ഉള്ളവരെ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ, പരിശോധനക്കായി സാമ്പിളുകൾ എടുക്കുന്നതിന്റെയും അവ ലബോറട്ടറിയിലേക്ക് എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർത്തകരിലേക്ക് രോഗം പകരുന്നത് ഒഴിവാക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളും രോഗിയുമായി സമ്പർക്കത്തിൽ വന്നവരെ ശുശ്രൂഷിക്കുന്നതിന്റെ രീതികൾ തുടങ്ങിയവയും എമർജൻസി റൂം, ഐസൊലേഷൻ റൂം എന്നിങ്ങനെ ആശുപത്രിയിൽ സജ്ജീകരിക്കേണ്ട സൗകര്യങ്ങൾ, രോഗമുക്തി നേടിയവരെ ഡിസ്ചാർജ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും മിംസിലെ ഡോക്ടർമാരുമായി ആശയവിനിമയം നടത്തി.

ഭാവിയിൽ ഇത് പോലെയുള്ള മാരകമായ രോഗങ്ങൾ ഉണ്ടായാൽ പരസപരം സഹകരിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി ജപ്പാനിൽ പ്രതിനിധി സംഘം ചർച്ച ചെയ്തതായി ഡോ. അനൂപ് കുമാർ പറഞ്ഞു. ഹോസ്പിറ്റൽ സി എം എസ് ഡോ എബ്രഹാം മാമ്മൻ, പീഡിയാട്രിക്സ് വിഭാഗം തലവൻ സുരേഷ് കുമാർ, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗം ഡോ സതീഷ് കുമാർ, നെഫ്രോളജി വിഭാഗം തലവൻ സജിത്ത് നാരായണൻ, പൾമനോളജി വിഭാഗം ക്ലസ്റ്റർ ഡയറക്ടർ ഡോ മധു കെ, സീനിയർ കൺസൾട്ടന്റ് ഡോ. സിജിത്ത്, മോളിക്കുലാർ ലാബ് മേധാവി ഡോ വിപിൻ വിശ്വനാഥ് എന്നിവരുമായി സംഘം ചർച്ചനടത്തി മികച്ച രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് മിംസിലെ ആരോഗ്യ പ്രവർത്തകരെ അഭിനന്ദിച്ച പ്രതിനിധി സംഘം ജപ്പാനിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനായി ക്ഷണിക്കുകയും ചെയ്തെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നോർക്ക യു.കെ കരിയർ ഫെയർ മൂന്നാം എഡിഷൻ ഇന്നുമുതൽ കൊച്ചിയിൽ

**കൊച്ചി:** നോർക്ക റൂട്ട്സ് യു.കെ കരിയർ ഫെയറിന്റെ മൂന്നാമത് എഡിഷന് നവംബർ 6ന് കൊച്ചിയിൽ തുടക്കമാകും. കേരളത്തിലെ ആരോഗ്യമേഖലയിൽ നിന്നുള്ളവർക്ക് യുണൈറ്റഡ് കിംങ്ഡമിലെ (ഡഗ) ഇംഗ്ലണ്ടിലെയും, വെയിൽസിലേയും വിവിധ എൻ.എച്ച്.എസ് ട്രസ്റ്റുകളിലേയ്ക്ക് അവസരമൊരുക്കുന്നതാണ് കരിയർ ഫെയർ. വിവിധ സ്പെഷ്യാലിറ്റികളിലേയ്ക്കുള്ള ഡോക്ടർമാർ, നഴ്സുമാർ, സോണോഗ്രാഫർമാർ എന്നിവർക്കാണ് മൂന്നാമത് എഡിഷനിൽ അവസരമുള്ളത്. യു.കെ യിൽ നിന്നുള്ള പ്രതിനിധികളുടെ നേതൃത്വത്തിലാണ് റിക്രൂട്ട്മെന്റ് നടപടികൾ നടക്കുക. നോർക്ക റൂട്ട്സിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും. കൊച്ചി ക്രൗൺപ്ലാസാ ഹോട്ടലിൽ നടക്കുന്ന റിക്രൂട്ട്മെന്റ് നവംബർ 10 ന് അവസാനിക്കും.

നോർക്ക യു.കെ റിക്രൂട്ട്മെന്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവൃത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറിൽ 18004253939 ഇന്ത്യയിൽ നിന്നും +91 8802012345 വിദേശത്തു നിന്നും (മിസ്ഡ് കോൾ സൗകര്യം) ബന്ധപ്പെടാവുന്നതാണ്.

# വിവിധ വായ്പ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വ്യക്തിഗത വായ്പ 400,000 വരെ ഉദ്യോഗസ്ഥ ജാമ്യത്തിൽ മാത്രം, സ്വയം തൊഴിൽ 50,000.00 25,00,000.00 വരെ .വാഹന വായ്പ 10,00,000 വരെ, പെൺകുട്ടികളുടെ വിവാഹം 350,000.00 വരെ തുടങ്ങിയ വായ്പാ പദ്ധതികളിലേയ്ക്ക് ജാമ്യ വ്യവസ്ഥയിലും അംഗീകൃത കുടുംബശ്രീ യൂണിറ്റുകൾക്ക് 5,00,000 വരെ ജാമ്യ രഹിത വ്യവസ്ഥയിലും ജില്ലയിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷന്റെ വൈറ്റിലയിൽ പ്രവർത്തിക്കുന്ന ജില്ലാ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ 0484 2302663, 9400068507.



എറണാംകുളത്തപ്പൻ മൈതാനത്ത് നടക്കുന്ന ശ്രീമദ് നാരായണീയ മഹോത്സവത്തിന്റെയും ശതകോടിയർച്ചനയുടെയും ഉദ്ഘാടനം ആചാര്യൻ സ്വാമി ഭൂമാനന്ദ തീർത്ഥ മഹാരാജ് ഓൺലെയിനായി നിർവഹിക്കുന്നു. പി മോഹൻദാസ്, ജസ്റ്റിസ് ഭാസ്കരൻ, എം മോഹനൻ, കുമ്മനം രാജശേഖരൻ, കെ വി തോമസ്, വി. എസ് രാമകൃഷ്ണൻ, അഡ്വ. മങ്ങോട് രാമകൃഷ്ണൻ, ഏഴിക്കോട് ശശി നമ്പൂതിരി, പ്രൊഫ.സരള എസ് പണിക്കർ, ഡോ. കിരൺ ആനന്ദ്,സി.വി സജിനി, പി. എസ് നന്ദകുമാർ, വി.എസ് പവിത്രൻ തുടങ്ങിയവർ സമീപം.

# ശ്രീമദ് നാരാണിയ മഹോത്സവത്തിന് കൊടിയേറി

**കൊച്ചി:** എർണാകുളത്തപ്പൻ ഗ്രൗണ്ടിൽ 05 മുതൽ 12 വരെ നടക്കുന്ന ശ്രീമദ് നാരായണീയ മഹോത്സവത്തിനും ശതകോടിഅർച്ചനക്കും ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ കൊടിയേറി. ഓരോ ഭക്തരിലും നിറഞ്ഞ് നിൽക്കുന്ന ഭക്തി അതിരുകളില്ലാതെ ശതകോടികളിലേക്ക് പകർന്ന നൽകാൻ നാരായണീയ മഹോത്സവത്തിലൂടെ കഴിയുമെന്ന് സംഘാടക സമിതി അറിയിച്ചു.

രാവിലെ അഷ്ടദ്രവ്യമഹാഗണപതി ഹോമത്തോടെ ആരംഭിച്ച പരിപാടി ഗോപൂജക്ക് ശേഷം കൊടിയും കൊടികൂറയും എഴുന്നള്ളിപ്പ് നടത്തി ദ്വജാരോഹണ നടത്തിയതോടെ തുടങ്ങി ഔപചാരികമായ ഉദ്ഘാടനം തൃശൂർ തപോവനം നാരായണശ്രമത്തിലെ ആചാര്യൻ സ്വാമിഭൂമാനന്ദ തീർത്ഥമഹാരാജ ഓൺലൈനായി നിർവ്വഹിച്ചു നാരായണീയം ഭാരതത്തിലെ ജനങ്ങളുടെ പുണ്യംമാണ്. ആലോചിച്ച് തത്വ വിചാരം നടത്തിയാണ് ഭാരത സംസ്ക്കാരം രൂപപ്പെടുത്തിയിട്ടുള്ളത്. ക്ഷേത്രങ്ങളും ആശ്രമങ്ങളും സംസ്ക്കാരത്തിന്റെ ഉത്തമ പ്രതീകങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.നാരായണിയ മഹോത്സവ സമിതി പ്രസിഡണ്ട് വി.എസ് രാമകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ മുഖ്യ പ്രഭാഷണം നടത്തി. ആയിരക്കണക്കിന് കൃഷ്ണഭക്തരുടെ നാരായണ ജപം ഭക്തിക്ക് മികവേകി.കുമാരി ആശാസുരേഷ് സോപാന സംഗീതം ആലപിച്ച ചടങ്ങിൽ ബേട്ടി ബജാവോ, ബേട്ടിപാടവോ പ്രവർത്തന രംഗത്ത് മികവ് പ്രകടിപ്പിച്ച ആർ പ്രീതി സുരേഷിനെ കുമ്മനം രാജേഖരൻ ആദരിച്ചു. ചടങ്ങിൽ റിട്ടേഡ് ജസ്റ്റിസ് ഭാസ്ക്കരൻ, മുൻ എം,പി. കെ. വി. തോമസ്, ശശിനമ്പൂതിരി( ശബരിമല മേൽശാന്തി), ഡോ. കിരൺ ആനന്ദ് (മുൻ ഗുരുവായൂർ ക്ഷേത്ര മേൽശാന്തി) അഡ്വ മങ്ങാട് രാമകൃഷ്ണൻ( സംസ്ഥാന അധ്യക്ഷൻ അഖില ഭാരത നാരായണീയ മഹോത്സവ സമിതി, എം. മോഹനൻ ( സംസ്ഥാന പ്രസിഡണ്ട് ക്ഷേത്ര സംരക്ഷണ സമിതി, എം. ബി. മുരളീധരൻ (മെമ്പർ കൊച്ചിൻ ദേവസ്വം ബോർഡ് ) ഫ്രൊഫസർ സരള എസ് പണിക്കർ( ചെയർമാൻ , നാരായണീയ സഹോത്സവ മാതൃസമിതി ), പി.എസ് നന്ദകുമാർ( പ്രൊഗ്രാം കൺവീനർ നാരായണീയ മഹോത്സവ സമിതി), ആർ നാരായണപിള്ള(ജനറൽ കൺവീനർ നാരായണീയ മഹോത്സവ സമിതി) ഐ.ബി. ശശീധരൻ ജനറൻ സെക്രട്ടറി നാരായണീയ മഹോത്സവ സമിതി), വി.എസ് . പവിത്രൻ (ട്രഷറർ നാരായണീയ മഹോത്സവ സമിതി) പ്രസംഗിച്ചു. തുടർന്ന് ഡോ കിരൺ ആനന്ദിന്റെ നേതൃത്വത്തിൽ നാരായണീയ തൈല പ്രസാദം തയ്യാറക്കൽ ആരംഭിച്ചു.

നാരായണീയത്തിന്റെ ആനുകാലിക പ്രസക്തിയെ സംബന്ധിച്ച് അഡ്വ . ടി.ആർ. രാമദേവൻ പ്രഭാഷണം നടത്തി. ഡോ. കിരണ് ആനന്ദിന്റെ നേതൃത്വത്തിൻ തുളസി വിവാഹോത്സവം, ദീപാരധനക്കും ശേഷം ടി.എസ് രാധാകൃഷ്ണന്റെ സംഗിതോത്സവപരിപാടി അരങ്ങേറി.

## നാരായണീയം പോലുള്ള സാമൂഹ്യഭക്തിപരിപാടികൾ ഭക്തജന ശക്തിയാണ് വിളിച്ചോതുന്നതെന്ന് കുമ്മനം രാജശേഖരൻ

നാരായണീയം പോലുള്ള സാമൂഹ്യഭക്തിപരിപാടികൾ ഭക്തജന ശക്തിയാണ് വിളിച്ചോതുന്നതെന്ന് കുമ്മനം രാജശേഖരൻ. എർണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന ശ്രീമദ് നാരായണീയ മഹോത്സവത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സ്വാർത്ഥാനന്ദ മോഹത്തിൽ നിന്ന് സാന്ദ്രാനന്ദത്തിലേക്ക് ജനമനസ്സുകളെ ഉയർത്തുകയാണ് നാരായണീയ മഹോത്സവത്തിന്റെ ലക്ഷ്യം.

എല്ലാറ്റിലും ഈശ്വരനെ ദർശിക്കാനും ആയുരാരോഗ്യം നേർന്ന് ജനഹൃദയത്തെ സമ്പന്നമാക്കനും ഭക്തിയിലൂടെ മാത്രമേ കഴിയൂ. അദ്ദേഹം പറഞ്ഞു. ജനങ്ങളിൽ പരിവർത്തനം സൃഷ്ടിക്കാൻ കഴിയുക ഭക്തി പ്രസ്ഥാനങ്ങളിലൂടെ മാത്രമാണ്. ജീവിതത്തിൽ ധാർമ്മീക മൂല്യങ്ങൾക്ക് വിലയിടിയുന്നത് തടയാനും അവ സംരക്ഷിക്കാനും ഭക്തി പ്രസ്ഥാനം ശ്കതമാകേണ്ടിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നാരായണീയം പ്രസക്തമാണ്. പീഡനവും, കുടുംബകോടതിയും, തട്ടിപ്പും, വെട്ടിപ്പും,കുടിവെള്ള ക്ഷാമവും നിലം നിൽക്കുന്ന ഇക്കാലത്ത് സാമൂഹ്യനന്മാക്കായുള്ള പ്രവർത്തനമായി നാരായണീയ പാരയണം മാറുകയാണ്.

### നാരായണീയം ഇന്ന്

രാവിലെ 5.30ന്ഗണപതി ഹോമം 6 ന് മഹാസുദർശന ഹോമം, 8 ന് നാരായണീയ പാരായണം, 10 ന് പ്രഭാഷണം അജമിളോപാഖ്യാനം വെൺമണി കൃഷ്ണൻ നമ്പൂതിരി, 11ന് നാരായണീയ പാരായണം തുടരും, 12 ന് പ്രഭാഷണ ധ്യാന യോഗം, ഉച്ചതിരിഞ്ഞ് 3 ന് പ്രഭാഷണം പ്രതിസന്ധികൾ തരണം ചെയ്യാൻ നാരായണീയം 4.45 ന് തുളസി വിവാഹോത്സവംമുൻ ഗുരുവായൂർ മേൽശാന്തി പഴയിടം സുമേഷ് നമ്പൂതിരി ഓതിക്കൽ, 5 ന് ഭക്തിയും ഭക്തനും പ്രഭാഷണം, 6 ന് ദീപാരധന 6.30ന് ശ്രീകൃഷ്ണ ചൈതന്യോത്സവം.




# മോട്ടോറോള സ്മാർട്ട്ഫോണുകൾക്ക് ദീപാവലി ഓഫറുകൾ

**കൊച്ചി:** മോട്ടറോള സ്മാർട്ട്ഫോണുകൾക്ക് ഫ്ളിപ്പ്കാർട്ട് ബിഗ് ദീപാവലി സെയിലിൽ മികച്ച ഓഫറുകൾ പ്രഖ്യാപിച്ചു. മോട്ടോറോള എഡ്ജ് 40 5ജി ഫോൺ 26,999 രൂപയ്ക്ക് ലഭ്യമാണ്. മോട്ടോ ജി, മോട്ടോ ഇ സീരീസിലുള്ള ഫോണുകൾക്കും വിലകിഴിവുണ്ട്. മോട്ടോ ജി54 5ജിയുടെ 8+128 ജിബി ഫോണിന് 13,999 രൂപയും 12+256 ജിബി വേരിയന്റിനു 15,999 രൂപയുമാണ് വില. ഇൻബിൽറ്റ് 8 ജിബി റാമും 128 ജിബി സ്റ്റോറേജുമുള്ള മോട്ടോ ഇ13 ഫോൺ 7,499 രൂപയ്ക്ക് ഫ്ളിപ്പ്കാർട്ട് ബിഗ് ദീപാവലി സെയിലിൽ ലഭ്യമാണ്.

ഐപി 68 റേറ്റിംഗുള്ള ഏറ്റവും കനം കുറഞ്ഞ 5 ജി സ്മാർട്ട് ഫോണായ മോട്ടോറോള എഡ്ജ് 40 ക്ക് വയർലെസ് ചാർജിംഗിനൊപ്പം ഐഒഎസ് ഷേക്ക് ഫ്രീ വീഡിയോകൾ എടുക്കുന്നതിനുള്ള ഹൊറൈസൺ ലോക്ക് ഫീച്ചർ, 2 യുഎം അൾട്രാ പിക്സൽ സാങ്കേതികവിദ്യ എന്നീ പ്രത്യേകതകളുമുണ്ട്. 50 എംപി അൾട്രാ പിക്സൽ നൈറ്റ് വിഷൻ പ്രൈമറി ക്യാമറയും 13എംപി സെക്കൻഡറി ക്യാമറയുമുള്ള മോട്ടോറോള എഡ്ജ് 40 നിയോയുടെ പ്രാരംഭ വില 22,999 രൂപയാണ്.

# പവിഴപ്പുറ്റുകളിലെ ഗവേഷണം: ആൽവിൻ ആന്റോയ്ക്ക് ദേശീയ അംഗീകാരം



**കൊച്ചി:** ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ യങ്പ്രൊഫഷണൽ ആൽവിൻ ആന്റോക്ക് ദേശീയ അംഗീകാരമായി പാരിസ്ഥിതിക പഠനങ്ങൾക്കുള്ള ഈ വർത്തെ ഹാസ്മുഖ് ഷാ മെമ്മോറിയൽ പുരസ്കാരം. രണ്ട് ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. കാലാവസ്ഥാവ്യതിയാനമുൾപ്പെടെയുള്ള ഭീഷണി നേരിടാൻ പവിഴപ്പുറ്റുകളെ സജ്ജമാക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങളാണ് ആൽവിൻ ആന്റോയെ പുരസ്കാരത്തിന് അർഹനാക്കിയത്.

സാമൂഹികപാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന വിധത്തിൽ ഗവേഷണത്തിലും നൂതനമായ പാരിസ്ഥിതിക സാങ്കേതിക വികസനപ്രവർത്തനങ്ങളിലും മികച്ച സംഭവാകനകളർപ്പിക്കുന്നവർക്കായി കാച്നാർ ട്രസ്റ്റിന്റെ ധനസഹായത്തോടെ ഗുജറാത്ത് ഇക്കോളജിക്കൽ സൊസൈറ്റി നൽകുന്നതാണ് പ്രശ്സ്തമായ ഹാസ്മുഖ് ഷാ മെമ്മോറിയൽ പുരസ്കാരം. പവിഴപ്പുറ്റുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ഊന്നൽ നൽകുന്നതാണ് ആൽവിന്റെ ഗവേഷണം.

നിരവധി തവണ സമുദ്രാന്തർഭാഗങ്ങളിൽ പഠന സർവേകൾ നടത്തിയിട്ടുള്ള ആൽവിൻ മികച്ച ഡൈവിങ് വിദഗ്ധൻ കൂടിയാണ്. ഇന്ത്യൻ സമുദ്രാതിർത്തികളിലും ദ്വീപുകളിലും പവിഴപ്പുറ്റുകളോട് ചേർന്ന കടൽജൈവവിധ്യങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. കടൽസസ്തനികളെ പഠനവിധേയമാക്കുന്നതിനായി സിഎംഎഫ്ആർഐ ആരംഭിച്ച 100ദിന സർവേസംഘത്തിലെ അംഗം കൂടിയാണ് ആൽവിൻ ആന്റോ.

അടുത്ത ജനുവരിയിൽ വഡോദരയിൽ നടക്കുന്ന ഹാസ്മുഖ് ഷാ അനുസ്മരണ പ്രഭാഷണത്തിൽ പുരസ്കാരം സമ്മാനിക്കും.

# നൂതന പഴവർഗ കൃഷി: കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ നൂതന പഴവർഗങ്ങളെക്കുറിച്ചും അവയുടെ കൃഷി രീതികളെക്കുറിച്ചും പരിശീലന പരിപാടി സംഘടിപ്പിച്ചു. കോതമംഗലം കാർഷിക ബ്ലോക്കിന് കീഴിൽ വരുന്ന കൃഷിഭവനുകളിലെ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമായി നടത്തിയ പരിപാടി ഏറെ അറിവുകൾ സമ്മാനിക്കുന്നതായിരുന്നു.

വ്യത്യസ്തവും നൂതനവുമായ കൃഷി രീതികളിലൂടെ കൂടുതൽ ഉൽപാദനവും അതുവഴി വരുമാനവും കർഷകർക്ക് ഉണ്ടാക്കാൻ കഴിയും എന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ പറഞ്ഞു.

കോതമംഗലം ബ്ലോക്കിലെ നിരവധി കർഷകർ പഴവർഗ്ഗ കൃഷികൾ നടത്തി വരുന്നുണ്ട്. അത്തരം കർഷകർക്ക് ആവശ്യമായ മാർഗനിർദേശങ്ങളും പുത്തൻ കൃഷി അറിവുകളും പരിശീലനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ബ്ലോക്ക് തല പരിശീലനത്തിന് പുറമേ വരും ദിവസങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും പരിപാടി സംഘടിപ്പിക്കുമെന്ന് കോതമംഗലം കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രിയമോൾ തോമസ് അറിയിച്ചു.



# കേരളം നിർമ്മിത ബുദ്ധിയിലേക്ക് എത്തിയിരിക്കുന്നു: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വർത്തമാനകാലത്തിൽ നിർമ്മിത ബുദ്ധിക്ക് സുപ്രധാന പങ്കുണ്ടെന്നും കേരളം അതിൽ എത്തിയിരിക്കുന്നതായും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പും കെ ഡിസ്കും കൂടിയാണ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ, അഡ്വാൻസ് ഗെയ്റ്റ് ട്രെയിനിങ് റോബോട്ട് ആയ ജി ഗൈറ്റർ സാധ്യമാക്കുന്നത്. ആരോഗ്യ സംവിധാനത്തിൽ ഇതുപോലെയുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കാനാണ് പരിശ്രമിക്കുന്നത്. ആന്റി മൈക്രോബിയൽ റെസിസ്റ്റന്റിനെ കുറിച്ചുള്ള വിവരങ്ങൾ വളരെ വേഗത്തിൽ അറിയാൻ സാധിക്കുന്നതാണ് ആന്റിബയോഗ്രാം ആപ്ലിക്കേഷൻ ആന്റ് യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമെന്നും മന്ത്രി പറഞ്ഞു.

ലോകോത്തര നിലവാരത്തിലുള്ള ആധുനിക ന്യൂറോ റീഹാബിലിറ്റേഷൻ ചികിത്സ ഉറപ്പാക്കാൻ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച അഡ്വാൻസ് ഗെയ്റ്റ് ട്രെയിനിങ് റോബോട്ട് ആയ ജി ഗൈറ്ററിന്റെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു. ഇതോടൊപ്പം ആന്റിബയോഗ്രാം ആപ്ലിക്കേഷൻ ആന്റ് യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം കരിയർ ലോഞ്ചും നിർവഹിച്ചു.

ജി ഗെയ്റ്റർ സാങ്കേതികവിദ്യ നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ ജില്ലാതല ആശുപത്രിയായി തിരുവനന്തപുരം ജനറൽ ആശുപത്രി ഇതോടെ മാറുകയാണ്. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ സംസ്ഥാനത്തിന്റെ വികസനത്തിനായി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ജന്റോബോട്ടിക്സിന്റെ ജി ഗെയ്റ്റർ റോബോട്ടിനെ ജനറൽ ഹോസ്പിറ്റലിൽ സ്ഥാപിച്ചത്.

സ്ട്രോക്ക്, സ്പൈനൽ കോർഡ് ഇഞ്ചുറി, ആക്സിഡന്റ്, പക്ഷാഘാതം, പാർക്കിൻസൺസ് രോഗം തുടങ്ങിയ നിരവധി കാരണങ്ങൾ മൂലം ചലനശേഷി നഷ്ടമായവരെ വീണ്ടും നടത്താൻ പഠിപ്പിക്കുന്ന റോബോട്ട് ആണ് ജി ഗൈറ്റർ. ഇത്തരം രോഗാവസ്ഥകൾ മൂലം നടക്കാനായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ധാരാളമുണ്ട്. ജി ഗൈറ്റർ സാങ്കേതിക വിദ്യയിലൂടെ ഇത്തരം അവസ്ഥയിലൂടെ കടന്നു പോകുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും, വേഗത്തിലുള്ള പുനരധിവാസത്തിലേക്ക് അവരെ നയിക്കാനും സാധിക്കും.

കേരളത്തിന്റെ സ്വന്തം സ്റ്റാർട്ടപ്പ് ആയ ജന്റോബോട്ടിക്സ് ആണ് ജി ഗെയിറ്റർ വികസിപ്പിച്ചത്. ജി ഗൈറ്റർ സ്ഥാപിക്കുന്നത് വഴി റീഹാബിലിറ്റേഷൻ രംഗത്ത് ലോകോത്തര നിലവാരത്തിലേക്ക് കേരളത്തിന്റെ ആരോഗ്യ രംഗം ഉയരുകയും ചെയ്യും. വി.കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൗൺസിലർ പാളയം രാജൻ, കെ ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി ഉണ്ണികൃഷ്ണൻ, ജന്റോബോട്ടിക്സിലെ വിമൽ ഗോവിന്ദ് എം.കെ., നിഖിൽ എൻ.പി. പങ്കെടുത്തു.

# രാജ്യത്തെ പത്ത് ലക്ഷത്തിലധികം പേർ പ്രമേഹ ബാധിതരെന്ന് പഠനം

**കൊച്ചി:** രാജ്യത്തെ ജനസംഖ്യയുടെ ഒരു ദശലക്ഷത്തിലധികം പേർ പ്രമേഹരോഗവുമായി മല്ലടിക്കുകയാണെന്ന് മദ്രാസ് ഡയബറ്റിസ് റിസർച്ച് ഫൗണ്ടേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും ചേർന്ന് നടത്തിയ പഠനം വ്യക്തമാക്കുന്നു.

136 മില്യൺ പൗരൻമാർ, പ്രീഡയബറ്റിസ് എന്ന് വിളിക്കുന്ന പ്രമേഹത്തിന് മുമ്പുള്ള അവസ്ഥയിലായിരിക്കാമെന്നും അടുത്തിടെ നടത്തിയ പഠനം വ്യക്തമാക്കുന്നു. നവംബർ 14ന് ലോക പ്രമേഹ ദിനം ആചരിക്കുമ്പോൾ, വർധിച്ചുവരുന്ന പ്രമേഹ മഹാമാരിയിലേക്കും ആഗോള ശ്രദ്ധ ആകർഷിക്കപ്പെടുകയാണ്. പ്രത്യേകിച്ച് ഈ പ്രതിസന്ധിയുടെ പ്രഭവകേന്ദ്രം കൂടിയായ ഇന്ത്യ ലോകത്തിന്റെ പ്രമേഹ തലസ്ഥാനം എന്ന വിശേഷണം വഹിക്കുന്ന സാഹചര്യത്തിൽ. ടൈപ്പ് 2 പ്രമേഹത്തിനുള്ള ഒരാളുടെ അപകടസാധ്യത മനസിലാക്കേണ്ടതിന്റെ പ്രാധാന്യത്തിനൊപ്പം, ഈ അവസ്ഥയുടെ ആരംഭം തടയാനോ കാലതാമസം വരുത്താനോ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷത്തെ ലോക പ്രമേഹ ദിനം ഊന്നിപ്പറയുന്നത്.

ഈ സാഹചര്യത്തിൽ, ബദാം പതിവായി കഴിക്കുന്നത് പ്രീ ഡയബറ്റിസിനെ മാറ്റുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണത്തിന് 30 മിനിറ്റ് മുമ്പ് 20 ഗ്രാം ബദാം കഴിക്കുന്നത് ചില വ്യക്തികളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് തോത് മെച്ചപ്പെടുത്തുമെന്ന് സമീപകാല പഠനങ്ങൾ എടുത്തുകാണിക്കുന്നുണ്ട്. പ്രീ ഡയബറ്റിസ് രോഗികളിൽ 23.3% (30ൽ 7) ഭക്ഷണത്തിന് മുമ്പ് ബദാം (20 ഗ്രാം) കഴിച്ചതിന് ശേഷം രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിലേക്ക് തിരിച്ചെത്തിയതായും കണ്ടെത്തി. 12 ആഴ്ച ബദാം ദിവസവും കഴിക്കുന്നത് ഇൻസുലിൻ പ്രതിരോധം കുറയ്ക്കുകയും ഗ്ലൂക്കോസ് ദൃഢമാക്കുകയും, പാൻക്രിയാറ്റിക് പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന് മറ്റൊരു പഠനം വെളിപ്പെടുത്തുന്നു.

കൂടാതെ, ദിവസേന ബദാം കഴിക്കുന്നത് ശരീരഭാരം ഗണ്യമായി കുറയാനും ബിഎംഐ (ബോഡി മാസ് ഇൻഡക്സ്), അരക്കെട്ടിന്റെ ചുറ്റളവ്, മൊത്തം കൊളസ്ട്രോളിന്റെ കുറവ് എന്നിവയ്ക്കും സഹായകരമാവുമെന്നും കണ്ടെത്തിയിട്ടുണ്ട്.

## ഫോർ പോയിന്റ്സ് ഷെറാട്ടൺ കൊച്ചി ഇൻഫോപാർക്ക് ഹോട്ടലിൽ കേക്ക് മിക്സിംഗ്



**കൊച്ചി:** ഫോർ പോയിന്റ്സ് ഷെറാട്ടൺ കൊച്ചി ഇൻഫോപാർക്ക് ഹോട്ടലിൽ ഫെസ്റ്റിവിസ്റ്റി ആഘോഷത്തിന്റെ ഭാഗമായി കേക്ക് മിക്സിംഗ് സംഘടിപ്പിച്ചു. ഇൻഫോപാർക്ക് കമ്പനികളിലെ പ്രതിനിധികൾ, ചലച്ചിത്ര താരങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ഫെസ്റ്റിവിറ്റി ആഘോഷങ്ങൾ ഡിസംബർ 31 വരെ തുടരും.

# കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുക എന്നതാണ് ലക്ഷ്യം: മന്ത്രി പി.പ്രസാദ്

## തോട്ടം മേഖലയിൽ മിശ്ര വിള: ഗൗരവമായി ചർച്ച ചെയ്യും

**കൊച്ചി:** സംസ്ഥാനത്തെ തോട്ടം മേഖലയിൽ മിശ്രവിള അനുവദിക്കണമെന്ന ആവശ്യം സർക്കാർ ഗൗരവമായി ചർച്ച ചെയ്യുമെന്ന് കൃഷി മന്ത്രി പി.പ്രസാദ്. കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള ( എ പി കെ ) വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിലിറക്കണം. കൃഷിയുടെ ആനുകൂല്യം പറ്റാത്ത ഒരാളും ലോകത്തില്ല. തോട്ടവിളകൾക്ക് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഏറെ സഹായം നൽകാൻ കഴിയും. എ പി കെ യുടെ ആവശ്യങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുമെന്നും മന്ത്രി ഉറപ്പ് നൽകി. തോട്ടം തൊഴിലാളികളുടെ മക്കൾക്ക് എ പി കെ നൽകുന്ന സ്കോളർഷിപ്പ് മന്ത്രി വിതരണം ചെയ്തു. ഏക വിള ലാഭകരമല്ലെന്നും പ്ലാന്റേഷൻ ഏരിയയുടെ 30 ശതമാനം സ്ഥലത്ത് മറ്റ് കൃഷികൾക്ക് അനുമതി നൽകണമെന്ന് എ പി കെ ചെയർമാൻ എ.കെ ജലീൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഉത്പാദനം വർധിപ്പിക്കുന്നതിനായി സാങ്കേതിക ഗവേഷണം അനിവാര്യമാണ്. ഇതിനായി സ്പെഷ്യൽ പർപ്പസ് ഫണ്ട് അനുവദിക്കണമെന്നും അദ്ദേഹം സർക്കാരിനോട് അഭ്യർഥിച്ചു. കേര പദ്ധതി പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് 200 കോടി രൂപ അനുവദിക്കാൻ നിർദേശിച്ചിരിക്കുന്നത് സന്തോഷകരമാണെന്ന് അദ്ദേഹം പറഞ്ഞു.ഉപാസി വൈസ് പ്രസിഡന്റ് കെ.മാത്യു എബ്രഹാം, എ പി കെ വൈസ് ചെയർമാൻ പ്രിൻസ് തോമസ് ജോർജ്, സെക്രട്ടറി ബി.കെ അജിത് എന്നിവരും പങ്കെടുത്തു.




**അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള വാർഷിക പൊതുയോഗം മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസ് തോമസ് ജോർജ്, എ.കെ ജലീൽ, കെ.മാത്യു എബ്രഹാംഎന്നിവർ സമീപം.**




പ്രിൻസ് തോമസ് ജോർജ്, ടി.ആർ രാധാകൃഷ്ണൻ

## പ്രിൻസ് തോമസ് ജോർജ് എപികെ ചെയർമാൻ

**കൊച്ചി :** അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എ പി കെ ) ചെയർമാനായി പ്രിൻസ് തോമസ് ജോർജ് തെരഞ്ഞെടുക്കപ്പെട്ടു. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനി കോർപ്പറേറ്റ് വിഭാഗം ജനറൽ മാനേജരാണ്. കെഡിഎച്ച്പി കമ്പനിയിൽ ഇൻഡസ്ട്രിയൽ റിലേഷൻ, ലീഗൽ, പി.ആർ വിഭാഗങ്ങളിലും പ്രിൻസ് തോമസ് പ്രവർത്തിച്ചിട്ടുണ്ട്. എ പി കെ യുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. കേരള സർക്കാറിന്റെ വിവിധ ബോർഡുകളിൽ അംഗമായും പ്രവർത്തിച്ചു വരുന്നു.

ടി.ആർ രാധാകൃഷ്ണനനാണ് വൈസ് ചെയർമാൻ. ആസ്പിൻവാൾ ആൻഡ് കമ്പനി ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടറും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമാണ്. ആസ്പിൻവാൾ ഗ്രൂപ്പിലെ 4 കമ്പനികളുടെ ഡയറക്ടറാണ്. ഏറെ നാളുകളായി ഉപാസിയുടെ ടാക്സേഷൻ ആൻഡ് ഫിനാൻസ് കമ്മിറ്റി കൺവീനറായി പ്രവർത്തിച്ച് വരുന്നു.

## സൗജന്യ ദന്തരോഗ നിർണ്ണയവും ചികിത്സയും

**കൊച്ചി:** തൃപ്പൂണിത്തുറ ആയുർവേദ കോളേജ് ആശുപത്രി ശാലാക്യതന്ത്ര വിഭാഗത്തിന്റെ ഡെന്റൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ദന്ത മോണ രോഗ നിർണ്ണയവും ചികിത്സയും നടത്തുന്നു. നവംബർ 9 വ്യാഴാഴ്ച പുതിയകാവ് സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയുടെ ദന്ത വിഭാഗത്തിലാണ് ക്യാമ്പ് നടത്തുന്നത്. ഇൻജക്ഷൻ കൂടാതെ പല്ലുകൾ നീക്കം ചെയ്യുന്ന ജലാന്തരബന്ദത്തിന്റെ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. സേവനം രാവിലെ 8 മുതൽ ഉച്ചയ്ക്ക്1 വരെ.

## തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻറ് ടെക്നോളജിയുടെ കളമശ്ശേരി മേഖല കേന്ദ്രത്തിൽ ഈ മാസം 13 ന് ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ഡാറ്റ എൻട്രി ആൻറ് ഓഫീസ് ഓട്ടോമേഷൻ,പൈത്തൺ പ്രോഗ്രാമിങ് എന്നീ കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. യോഗ്യത : പ്ലസ്ടു കൊമേഴ്സ്, എസ്.എസ്.എൽ.സി. www.lbscetnre.kerala.gov.in വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. പട്ടികജാതി, പട്ടികവർഗം മറ്റു അർഹതപ്പെട്ട വിഭാഗങ്ങളിൽ പെടുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2541520, 7025310574

## സെമസ്റ്റർ പരീക്ഷ

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആന്റ് ഓഫീസ് ഓട്ടോമേഷൻ ( ഒന്നും, രണ്ടും സെമസ്റ്റർ ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആന്റ് സെക്യൂരിറ്റി എന്നി കോഴ്സുകളുടെ റെഗുലർ/സപ്ലിമെന്ററി പരീക്ഷകൾ (2018, 2020, 2021 സ്കീം ) 2024 ഫെബ്രുവരി മാസത്തിൽ നടത്തുന്നതാണ്. വിദ്യാർത്ഥികൾക്ക്, പഠിക്കുന്ന/പഠിച്ചിരുന്ന സെന്ററുകളിൽ നവംബർ 15 വരെ ഫൈൻ കൂടാതെയും, 22 വരെ 100 രൂപ ഫൈനോടുകൂടിയും പരീക്ഷക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷാ ടൈം ടേബിൾ ഡിസംബർ മൂന്നാംവാരത്തിൽ പ്രസിദ്ധീകരിക്കും. രജിസ്ട്രേഷനുള്ള അപേക്ഷാ ഫോം സെന്ററിൽ നിന്നും ലഭ്യമാണ്. വിശദവിവരങ്ങൾ ഐ.എച്ച്.ആർ.ഡി വെബ്സൈറ്റിൽ (www.ihrd.ac.in) ലഭ്യമാണ്.

## അപേക്ഷ തീയതി നീട്ടി

**കൊച്ചി:** കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കുള്ള 2023 24 അധ്യയന വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20 വരെ ദീർഘിപ്പിച്ചു. അപേക്ഷാ ഫോമുകൾ ജില്ലാ ഓഫീസിൽ നിന്നും പ്രമുഖ ട്രേഡ് യൂണിയൻ ഓഫീസുകളിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0484 2800581.




## ഇന്ധന ലഭ്യതക്കായി പുതിയ തരം ഇന്ധന നിലവറകൾ തുറക്കണം: വിദഗ്ധർ

**കൊച്ചി:** ഭാവിയിലെ ഇന്ധന ലഭ്യതയ്ക്കായി പെട്രോളിയം പര്യവേഷണത്തിന്റെ നിലവിലുള്ള അതിരുകൾക്കപ്പുറം പുതിയ ഊർജ്ജസ്രോതസ്സുകളുടെ ഖനനവും വികസനവും സാധ്യമാവണമെന്ന് കൊച്ചി ലുലു ബോൾഗാട്ടി കൺവെൻഷൻ സെന്ററിൽ നടന്ന സൊസൈറ്റി ഓഫ് ജിയോഫിസിസ്റ്റുകളുടെ 14ാമത് അന്താരാഷ്ട്ര സമ്മേളനം വിലയിരുത്തി. സമാപന ദിനത്തിൽ പര്യവേക്ഷണം ചക്രവാളത്തിനപ്പുറം എന്ന ശാസ്ത്ര സെഷനിൽ ഇത് സംബന്ധിച്ച വിദഗ്ദ ചർച്ചകൾ നടന്നു.

പരമ്പരാഗത പെട്രോളിയത്തിന്റെ ലഭ്യത കുറയുന്ന സാഹചര്യത്തിൽ ശക്തമായ ബദലുകൾ സജ്ജമാവേണ്ടതുണ്ടെന്ന് ഒഎൻജിസി എക്സ്പ്ലോറേഷൻ ഡയറക്ടറും എസ്പിജിഇന്ത്യയുടെ പേട്രണുമായ സുഷമ റാവത്ത് പറഞ്ഞു.കൽക്കരി ബെഡ് മീഥെയ്ൻ (കൽക്കരി തയ്യൽ വാതകം) , ഷെയ്ൽ വാതകം, ഗ്യാസ് ഹൈഡ്രേറ്റുകൾ, ഹെവി ഓയിൽ, ഭൂഗർഭ കൽക്കരി വാതകം, അൽപം ദുഷ്കരമായ ടൈറ്റ് ഗ്യാസ് സംഭരണികൾ തുടങ്ങിയവ മറഞ്ഞിരിക്കുന്ന ഊർജ്ജ നിധികളാണ്. ഇവയിൽ കൽക്കരി ബെഡ് മീഥെയ്ൻ മലിനീകരണമില്ലാത്ത ശുദ്ധ ഊർജ്ജത്തിന്റെ ഉറവിടമെന്ന നിലയിൽ ബദലായി ഉയർന്നുവന്നു കഴിഞ്ഞു, സുഷമ റാവത്ത് പറഞ്ഞു.

ഒഎൻജിസിയുടെ മുൻ സി.എം.ഡി ശ്രീ സുബാഷ് കുമാർ, പാരമ്പര്യേതര ഖനനസ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള സാങ്കേതിക മുന്നേറ്റങ്ങളും ശാസ്ത്ര രീതികളും അവതരിപ്പിച്ചു.പരമ്പരാഗത ക്രൂഡ് ഓയിൽ ലഭ്യതയാൽ അവഗണിക്കപ്പെട്ട ഹെവി ഓയിൽ ഏറെ വിലപ്പെട്ടതായി കാണണമെന്ന് സുബാഷ് കുമാർ പറഞ്ഞു. ഇതിനായുള്ള നൂതനമായ സാങ്കേതിക വിദ്യകൾ അദ്ദേഹം വിശദീകരിച്ചു.

ഊർജ്ജ രംഗത്ത വിപ്ലവം സൃഷ്ടിക്കാൻ സാധ്യതയുള്ള ഷെയ്ൽ വാതകം വേർതിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട വെല്ലുവിളികളും അവസരങ്ങളും വിദഗ്ധർ ചർച്ച ചെയ്തു. ഗ്യാസ് ഹൈഡ്രേറ്റുകൾ അല്ലെങ്കിൽ ഫയർ ഐസ് താരതമ്യേന പര്യവേക്ഷണം ചെയ്യപ്പെടാത്ത ഒന്നാണ്. ഇതിന്റെ സങ്കീർണതകളെക്കുറിച്ചും അവ വേർതിരിച്ചെടുക്കുന്നതിന്റെ സാധ്യതകളെക്കുറിച്ചും സെഷൻ ചർച്ച ചെയ്തു. കട്ടിയേറിയ വാതക സംഭരണികൾ പര്യവേക്ഷണത്തിനും ഉത്ഖനനത്തിനും വെല്ലുവിളിയാണ്. എന്നാൽ ഇത് വിജയകരമായാൽ വലിയ നേട്ടങ്ങൾ ഊർജ്ജ രംഗത്ത് ഉണ്ടാവും. സാങ്കേതിക വശങ്ങൾക്ക് പുറമെ, പര്യവേക്ഷണത്തിന്റെ സാമ്പത്തിക വശം, സഹകരണത്തിനുള്ള ആഗോള അവസരങ്ങൾ, പുതിയ പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നയപരമായ പിൻബലം എന്നിവയും സമ്മേളനം ചർച്ച ചെയ്തു.

ഒഎൻജിസി മുൻ സിഎംഡി ശ്രീ സുബാഷ് കുമാർ, ഒഎൻജിസി വിദേശ് ലിമിറ്റഡ് (ഒ.വി.എൽ) എംഡി. ശ്രീ. രാജർഷി ഗുപ്ത; ഒ.എൻ.ജി.സി ഡയറക്ടർ (എക്സ്പ്ലോറേഷൻ) ശ്രീമതി.സുഷമ റാവത്ത്; ഒ ഐ എൽ എക്സിക്യൂട്ടീവ് ഡയറക്ടർ (ജിയോസയൻസ്) ബിബേക് നന്ദ സൈകിയ, ഒഎൻജിസി എക്സിക്യൂട്ടീവ് ഡയറക്ടറും എസ്പിജിഇന്ത്യ പ്രസിഡന്റുമായ ശ്രീ. വിശാൽ ശാസ്ത്രി എന്നിവർ സമാപന സമ്മേളനത്തിൽ സംസാരിച്ചു.

ജിയോ സയന്റിസ്റ്റുകൾ, ഗവേഷകർ, നയ രൂപീകരണ വിദഗ്ദ്ധർ,നൂറിലധികം അന്താരാഷ്ട്ര വിദഗ്ധർ, അക്കാദമിക് വിദഗ്ധർ, പ്രൊഫഷണലുകൾ എന്നിവരുൾപ്പെടെ രണ്ടായിരത്തിലധികം പ്രതിനിധികൾ ഊർജ വ്യവസായത്തിന്റെ ഭാവിയെക്കുറിച്ച് നടന്ന മൂന്ന് ദിവസത്തെ ചർച്ചകളിൽ പങ്കെടുത്തു.

## എം.എസ്.എം.ഇകൾ സമ്പദ്ഘടനയുടെ നട്ടെല്ലെന്ന് മന്ത്രി പി. രാജീവ്

**തിരുവനന്തപുരം:** രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണു സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങളെന്ന് നിയമവ്യവസായകയർ വകുപ്പ് മന്ത്രി പി. രാജീവ്. കേരളീയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ട്രെഡ്സ് പ്ലാറ്റ്ഫോമിനെക്കുറിച്ചു ബോധവൽക്കരണം നൽകുന്നതിനായി വ്യവസായവകുപ്പ് സംഘടിപ്പിച്ച ശിൽപശാല പുത്തരിക്കണ്ടം മൈതാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സ്റ്റാർട്ടപ്പുകളും എം.എസ്.എം.ഇകളും സർക്കാർ പരമാവധി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ഐ ടി സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന എല്ലാ സൗകര്യങ്ങളും ഐ ടി ഇതര സ്റ്റാർട്ടപ്പുകൾക്കും നൽകുന്നു. ഒരു ലക്ഷത്തി നാൽപതിനായിരത്തോളം വരുന്ന പുതിയ സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷുറൻസ് അടക്കമുള്ള സൗകര്യങ്ങൾ നൽകിക്കൊണ്ട് ഇവയെ നില നിർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ തുടരുന്നതെന്നും മന്ത്രി പറഞ്ഞു. ട്രെഡ്സിൽ എല്ലാ സ്ഥാപനങ്ങൾക്കും പങ്കാളികളാകാൻ അവസരം ഒരുക്കുകയാണ് ശിൽപശാലയുടെ ഉദ്ദേശം എന്നും മന്ത്രി പറഞ്ഞു.

സാമ്പത്തികസ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന പണം എം.എസ്.എം.ഇകൾക്കു പ്രവർത്തന മൂലധനമായി ഉപയോഗിക്കാനായി സജ്ജീകരിച്ച ഓൺലൈൻ പ്ലാറ്റ്ഫോമാണ് ട്രെഡ്സ്.

ശിൽപശാലയിൽ വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത് കുമാർ, കിൻഫ്രാ മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ജി. രാജീവ്, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ മെമ്പർ സെക്രട്ടറി പി.സതീഷ് കുമാർ, എസ്.എൽ.ബി.സി. കേരള ഡിവിഷണൽ മാനേജർ പ്രശാന്ത്, ആർ.എക്സ്.ഐ. എൽ സീനിയർ മാനേജർ ജസ്റ്റിൻ ജോസ് തുടങ്ങിയവരും പങ്കെടുത്തു. ഇൻവോയ്സ്മാർട്ട് റീജണൽ മേധാവി ഗൗരി മൻവാണി എന്നിവർ ശിൽപശാല നയിച്ചു.



# എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കും മന്ത്രി കെ. രാജൻ

**തൃശൂർ:** ചെറിയ കാലയളവിനുള്ളിൽ പീച്ചി ഡാമിൽ നിന്ന് എല്ലാ കുടുംബങ്ങൾക്കും ടാപ്പിലൂടെ കുടിവെള്ളം എത്തിക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ. പുത്തൂർ ഗ്രാമ പഞ്ചായത്തിന്റെ ജൽ ജീവൻ മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന കേന്ദ്ര സഹായത്തോടെ കേരളത്തിൽ 2024 ഓടെ സമ്പൂർണമായ ജല വിതരണം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നത്. ജല ജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള ടാങ്ക് വരുന്ന പഞ്ചായത്തുകളിലൊന്നായും പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കിയ പഞ്ചായത്തുകളിലൊന്നായും പുത്തൂർ ഗ്രാമ പഞ്ചായത്ത് മാറിയെന്നും മന്ത്രി പറഞ്ഞു.

വെള്ളക്കാരിത്തടം വായനശാലയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ 30 ലക്ഷം അനുവദിച്ചുവെന്നും പുത്തൂർ സുവോളജിക്കൽ പാർക്കിൽ ഡിസംബർ അഞ്ചിന് മൂന്ന് മണിക്ക് മുഖ്യമന്ത്രിയും മന്ത്രിമാരും മണ്ഡലങ്ങളിലെത്തുന്ന നവകേരള സദസ് നടക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം പുത്തൂർ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ പൈപ്പുകളുടെ പുനരുദ്ധാരണവും നവീകരണവും ദീർഘിപ്പിക്കലുമാണ് നടപ്പാക്കുന്നത്. പീച്ചി ഡാമിൽ ജലശുദ്ധീകരണശാലയിൽ നിന്നും പമ്പ്ചെയ്തു വരുന്ന ശുദ്ധജലം ചോച്ചേരിക്കുന്ന് കൈനിക്കുന്ന് ടാങ്കുകൾ മുഖേന ഗാർഹിക കണക്ഷനുകളിലൂടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പദ്ധതി വഴി എത്തിക്കും. 266 കി.മീ ദൂരത്തിൽ വിവിധ വ്യാസത്തിലുള്ള പൈപ്പുകൾ വഴി ജലം വിതരണം ചെയ്യുന്ന വിതരണ ശൃംഖല കൂടാതെ പുതിയ 11,233 കണക്ഷനുകളും പദ്ധതി വഴി നൽകുന്നുണ്ട്.

വെള്ളക്കാരിത്തടം വായനശാല പരിസരത്ത് നടന്ന ചടങ്ങിൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ അധ്യക്ഷയായി. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. രവി മുഖ്യാതിഥിയായി. വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലിറ്റി റിപ്പോർട്ട് അവതരിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് മെമ്പർ ജോസഫ് ടാജറ്റ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.എസ്. ബാബു, സിനി പ്രദീപ്, പുത്തൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അശ്വനി സുനീഷ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.എസ്. സജിത്ത്, ബ്ലോക്ക് മെമ്പർ മിനി സാബു, മെമ്പർമാരായ ടി.കെ. ശ്രീനിവാസൻ, ഷാജി വാരപ്പെട്ടി, ടി.സി ജിനോ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഉജ്ജ്വല ബാല്യം പുരസ്കാരം പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ വനിത ശിശു വികസന വകുപ്പ് നൽകുന്ന ഉജ്ജ്വല ബാല്യം പുരസ്കാരം ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു.

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി മേഖല, കൃഷി, മാലിന്യ സംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശിൽപനിർമ്മാണം, ധീരത എന്നീ മേഖലകളിൽ മികവ് തെളിയിച്ചവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. കുട്ടികളെ 6 വയസ് മുതൽ 11 വയസ് വരെ, 12 വയസ് മുതൽ 18 വയസ് വരെ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് പൊതുവിഭാഗത്തിനും, ഭിന്നശേഷി വിഭാഗത്തിനും, പ്രത്യേകം പ്രത്യേകം അവാർഡുകൾ നൽകുന്നു. ഓരോ ജില്ലയിൽ നിന്നും ഈ വിഭാഗത്തിൽപ്പെട്ട ആകെ 4 കുട്ടികളെയാണ് അവാർഡിന് പരിഗണിക്കുന്നത്.

25,000 രൂപയും പ്രശസ്തിപത്രവും, ഫലകവും അടങ്ങുന്നതാണ് അവാർഡ്. ജില്ലാതലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. നവംബർ 14ന് സംസ്ഥാന ശിശുദിനാഘോഷ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പുരസ്ക്കാരങ്ങൾ വിതരണം ചെയ്യും.

## ജൈവഗ്രാമം പദ്ധതിക്ക് തുടക്കം

**കടുത്തുരുത്തി:** നാഷണൽ എൻജിഒ കോൺഫെഡറേഷൻറെ സഹകരണത്തോടെ അർച്ചന വിമൻസ് സെൻററിൻറെ നേതൃത്വത്തിൽ കടുത്തുരുത്തി റീജണിൽ ജൈവഗ്രാമം പദ്ധതിക്ക് തുടക്കംകുറിച്ചു.അർച്ചന വിമൻസ് സെൻറർ ഡയറക്ടർ ത്രേസ്യാമ്മ മാത്യുവിൻറെ അധ്യക്ഷതയിൽ എൻജിഒ കോൺഫെഡറേഷൻ നാഷണൽ കോർഡിനേറ്റർ അനന്ദു കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഷൈനി ജോഷി, റ്റീനു ഫ്രാൻസീസ്, ജോയിസ് മാത്യു, ജിബിൻ ജോഷി, തുടങ്ങിയവർ പ്രസംഗിച്ചു.

## മിൽമ പാർലർ ആരംഭിക്കാം

**തൃശ്ശൂർ:**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മിൽമയുമായി ചേർന്ന് മിൽമ ഷോപ്പി' അല്ലെങ്കിൽ 'മിൽമ പാർലർ' ആരംഭിക്കാൻ ധനസഹായം നൽകുന്നു. ജില്ലയിൽ സ്ഥിര താമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18 നും 55 മദ്ധ്യേ.

പാലിനും അനുബന്ധ ഉൽപ്പന്നങ്ങൾക്കും വിപണന സാധ്യതയുള്ള അനുയോജ്യമായ സ്ഥലങ്ങളിൽ 'മിൽമ ഷോപ്പി' അല്ലെങ്കിൽ 'മിൽമ പാർലർ' ആരംഭിക്കാൻ കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കും. താല്പര്യമുള്ളവർ അപേക്ഷ ഫോറത്തിനും വിശദ വിവരങ്ങൾക്കും തൃശ്ശൂർ രാമനിലയത്തിന് സമീപത്തെ കോർപ്പറേഷൻ തൃശ്ശൂർ ജില്ല ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487 2331556, 9400068508.

# മാലിന്യമുക്ത നവകേരളം സ്നേഹാരാമങ്ങൾ ഒരുങ്ങുന്നു

**കൽപ്പറ്റ:** മാലിന്യമുക്ത നവകേരളം കാമ്പയിനിൻറെ ഭാഗമായി കണ്ടെത്തിയ ജില്ലയിലെ 82 മാലിന്യം തള്ളുന്ന കേന്ദ്രങ്ങൾ (ഗാർബേജ് വൾനറബിൾ പോയിൻറുകൾ) ശുചിയാക്കി സൗന്ദര്യവത്കരിച്ച് സ്നേഹാരാമങ്ങളാക്കി മാറ്റും.

ജില്ലാ ശുചിത്വ മിഷൻറെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലയിലെ എൻഎസ്എസ് യൂണിറ്റുകളും ചേർന്നാണ് മാലിന്യകൂനകൾ സ്നേഹാരാമങ്ങളാക്കി മാറ്റുന്ന ദൗത്യത്തിന് നേതൃത്വം നൽകുന്നത്. കാമ്പയിനിൻറെ ഭാഗമായി ശുചിത്വമിഷൻ സംസ്ഥാനമൊട്ടാകെ 3000 ഗാർബേജ് വൾനറബിൾ പോയിൻറുകൾ ശുചീകരിച്ച് സൗന്ദര്യവത്കരിക്കുന്നുണ്ട്.

മാലിന്യം കെട്ടിക്കിടക്കുന്നതോ വലിച്ചെറിയപ്പെട്ടതോ ആയ പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ നേതൃത്വത്തിൽ കണ്ടുപിടിച്ച് സ്ഥാപനത്തിൻറെ പ്രവർത്തന പരിധിയിൽ വരുന്ന എൻഎസ്എസ് യൂണിറ്റുകൾക്ക് കൈമാറണം.

ജില്ലയിലെ വിവിധ എൻഎസ്എസ് യൂണിറ്റുകൾ ഈ സ്ഥലങ്ങളിൽ പച്ചത്തുരുത്ത്, ചുമർചിത്രം, വെർട്ടിക്കൽ ഗാർഡൻ, പാർക്ക്, തണലിടം, സ്ക്രാപ്പ്/ അജൈവ പാഴ് വസ്തുക്കൾ കൊണ്ടുള്ള ഇൻസ്റ്റലേഷൻ എന്നിങ്ങനെ വോളണ്ടിയർമാരുടെ സർഗാത്മകത കാഴ്ചവയ്ക്കാൻ കഴിയുന്ന തരത്തിൽ ആകർഷണീയത ഈ പ്രദേശത്ത് കൊണ്ടുവരിക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

അതാത് പ്രദേശങ്ങളിലെ സ്ഥലസൗകര്യമനുസരിച്ച് രൂപമാറ്റമുണ്ടാകും. ഇതിനായി ജില്ലയിലെ നഗരസഭ പ്രദേശത്ത് കുറഞ്ഞത് 12 മാലിന്യ നിക്ഷേപ കേന്ദ്രകളും ഗ്രാമപ്പഞ്ചായത്തിൻറെ പരിധിയിലെ കുറഞ്ഞത് രണ്ട് മാലിന്യ നിക്ഷേപ കേന്ദ്രങ്ങളും കണ്ടെത്തി എൻഎസ്എസ് യൂണിറ്റിൻറെ സഹായത്തോടെ സ്നേഹാരാമങ്ങൾ നിർമിക്കും.

2024 ജനുവരി ഒന്നോടെ ജില്ലയിൽ ആരംഭിക്കുന്ന സ്നേഹാരാമങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും എൻഎസ്എസ് യൂണിറ്റുകൾക്കും ആയിരിക്കും.





# അനിശ്ചിതത്വം നീങ്ങി ബ്രഹ്മപുരത്ത് ബയോമൈനിംഗിന് കരാർ

**കൊച്ചി:** ബ്രഹ്മപുരത്ത് മാലിന്യ സംസ്കരണം നിലച്ചതിനെത്തുടർന്ന് കുന്നുകൂടിക്കിടക്കുന്ന മാലിന്യം ബയോമൈനിംഗിലൂടെ സംസ്കരിക്കുന്നതിന് ഗ്രീൻ ഭൂമി എനർജി കമ്പനിയുമായി കോർപറേഷൻ കരാർ ഒപ്പുവച്ചു. ടണ്ണിന് 1,690 രൂപ നിരക്കിലാണ് കരാർ നൽകിയിരിക്കുന്നത്. ബയോമൈനിംഗിന് ആവശ്യമായ തുക നൽകുന്നതിന് കേന്ദ്ര നഗരാസൂത്രണ മന്ത്രാലയം സമ്മതം അറിയിച്ചിട്ടുള്ളതിനാൽ ഫണ്ട് പ്രശ്നമാവില്ല.

ആദ്യ കരാർ ഏറ്റെടുത്തിരുന്ന സോൺട ഇൻഫ്രാടെക് കമ്പനിയിൽ നിന്നുണ്ടായ മോശം അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമായ നിയമോപദേശങ്ങൾ സ്വീകരിച്ചശേഷമാണ് ഇത്തവണ കരാർ നടപടികളിലേക്ക് കടന്നത്. അഞ്ച് മുതൽ ഏഴ് ലക്ഷം ഘനമീറ്റർ മാലിന്യം ബ്രഹ്മപുരത്ത് കെട്ടികിടക്കുന്നതായാണ് കണക്ക്.

ബയോമൈനിംഗ് ചെയ്യുന്ന മാലിന്യത്തിൻറെ അളവിനനുസരിച്ച് ഫ്രതിഫലം നൽകും വിധമാണ് കരാർ വ്യവസ്ഥ. 16 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കണം. ആർഡിഎഫ് നീക്കം ചെയ്യുന്നതിൻറെ ഉത്തരവാദിത്വം കമ്പനിക്കാണ്. ഇതുൾപ്പെടെ മറ്റൊന്നിനും ഉപകരാർ നൽകാൻ പാടില്ലെന്നും കരാർ വ്യവസ്ഥയിൽ പറയുന്നു.

ബ്രഹ്മപുരത്ത് ബയോമൈനിംഗ് ഏറ്റെടുത്തിരുന്ന സോൺട ഇൻഫ്രാടെക് കമ്പനിക്ക് കോർപറേഷൻ പ്രതിഫലമായി 11 കോടി നൽകിയിരുന്നു. എന്നാൽ ബയോമൈനിംഗിൻറെ അവശിഷ്ടമായ റെഫ്യൂസ് ഡിറൈവ്ഡ് ഫ്യുവൽ(ആർഡിഎഫ്) നീക്കം ചെയ്യണമെന്ന വ്യവസ്ഥ കമ്പനി പാലിച്ചില്ല. ആർഡിഎഫിൻറെ സാന്നിദ്ധ്യമാണ് പ്ളാൻറിൽ ഏറ്റവും ഒടുവിലുണ്ടായ അഗ്നിബാധയുടെ തീവ്രത വർധിപ്പിച്ചത്. തീപിടിത്ത ഭീഷണിയുമായി 80,000 ടൺ ആർഡിഎഫ് ഇപ്പോഴും ബ്രഹ്മപുരത്ത് അവശേഷിക്കുന്നുണ്ട്. ശുചിത്വമിഷൻ ഡയറക്ടർ ജ്യോതിഷ് ചന്ദ്രൻ, പരിസ്ഥിതി വിദഗ്ധൻ ദിഗ്വിജയ് ദേശായി, കൗൺസിലർമാരായ ഹെൻട്രി ഓസ്റ്റിൻ, ആർ. രതീഷ്, രഘുറാം പൈ എന്നിവർ പൂനെയിലെ പ്ലാൻറ് സന്ദർശിച്ച് നൽകിയ റിപ്പോർട്ട് അടിസ്ഥാനമാക്കിയ ടെൻഡറിൽ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗ്രീൻ ഭൂമി എനർജി കമ്പനിക്ക് കരാർ നൽകാൻ തീരുമാനിച്ചത്.

സുതാര്യത ഉറപ്പുവരുത്തുന്നതിന് കേന്ദ്ര ഏജൻസിയായ നാഷണൽ എൻവയോൺമെൻറ് എൻജിനിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ മേൽനോട്ടം വഹിക്കാൻ ചുമതലപ്പെടുത്തുമെന്ന് മേയർ എം. അനിൽകുമാർ പറഞ്ഞു.

കഴിഞ്ഞ മാർച്ച് രണ്ടു മുതൽ പന്ത്രണ്ടു ദിവസം ജില്ലയെ വിഷപുകയിലാക്കിയ തീപിടിത്തത്തിനു ശേഷം കേന്ദ്ര ഹരിത ട്രൈബ്യൂണലിൻറെയും ഹൈക്കോടതിയുടെയും സൂക്ഷ്മ നിരീക്ഷണത്തിലാണ് ബ്രഹ്മപുരം. കഴിഞ്ഞ ഒക്ടോബർ ഒന്നിന് ബയോമൈനിംഗ് തുടങ്ങുമെന്ന് കോർപറേഷൻ കോടതിയിൽ ഉറപ്പ് നൽകിയെങ്കിലും നടപ്പായില്ല.

നിലവിൽ പ്ളാൻറിലെ ജൈവമാലിന്യങ്ങൾ പട്ടാളപ്പുഴുവിനെ ഉപയോഗിച്ചാണ് സംസ്കരിക്കുന്നത്. ബ്രഹ്മപുരത്ത് ബിപിസിഎല്ലിന്റെ പുതിയ മാലിന്യസംസ്കരണ പ്ലാൻറ് ഒന്നര വർഷത്തിനുള്ളിൽ യാഥാർഥ്യമാകുമെന്നാണ് പ്രതീക്ഷ.

# കോവിഡ് പ്രതിരോധത്തിൽ പ്രാദേശിക ഭരണ, പൊതുജനാരോഗ്യ സംവിധാനങ്ങൾ മുഖ്യ പങ്ക് വഹിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ ത്രിതല പ്രാദേശിക ഭരണസംവിധാനവും പൊതുജനാരോഗ്യ സംവിധാനവും കോവിഡ് മഹാമാരിയെ നേരിടുന്നതിൽ മുഖ്യ പങ്കു വഹിച്ചതായി കേരളം മഹാമാരികളെ നേരിട്ട വിധം എന്ന വിഷയത്തിൽ നടന്ന കേരളീയം സെമിനാർ അഭിപ്രായപ്പെട്ടു. സർക്കാർ ഒപ്പമുണ്ട് എന്ന ബോധ്യവും ആരോഗ്യ സംവിധാനത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസവും കോവിഡ് മരണ നിരക്ക് കുറയ്ക്കാൻ സാധിച്ചു. നിപ വൈറസ് ബാധയും പ്രകൃതി ദുരന്തങ്ങളും കൈകാര്യം ചെയ്യുന്നതുൾപ്പെടെയുള്ള പൊതുജനാരോഗ്യ അടിയന്തര പ്രതികരണ സംവിധാനം സജീവമാക്കിയതും ഇക്കാര്യത്തിൽ സഹായകമായതായും മാസ്ക്കറ്റ് പൂൾസൈഡ് ഹാളിൽ സെമിനാർ വിലയിരുത്തി.

കോവിഡ് വെല്ലുവിളിയെ മികച്ച രീതിയിൽ അതിജീവിക്കാനായത് അഭിമാനകരമായ നേട്ടമാണെന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ച ആരോഗ്യ മന്ത്രി വീണ ജോർജ് പറഞ്ഞു. ശാസ്ത്രീയമായ രീതിയിൽ പ്രതിരോധ സംവിധാനങ്ങൾ സജ്ജീകരിക്കാൻ സർക്കാറിനായി. ഒരു യുദ്ധ മുന്നണിയിലെന്ന പോലെ ഒറ്റക്കെട്ടായി കോവിഡിനോട് പോരാടുകയായിരുന്നു സർക്കാർ ചെയ്തതെന്നും മികച്ച ആസൂത്രണത്തോടെയുള്ള ഇടപെടൽ മരണ നിരക്ക് കുറയ്ക്കാൻ സഹായിച്ചതായും മുൻ ആരോഗ്യ മന്ത്രി കെ. കെ ശൈലജ പറഞ്ഞു.

കേരളത്തിലെ ആരോഗ്യ രംഗത്തിന്റെ മികവും സർക്കാരിൽ ജനങ്ങൾക്കുള്ള വിശ്വാസവും കോവിഡ് പ്രതിരോധത്തിൽ നിർണായകമായതായി ആരോഗ്യ ഗവേഷകനും ഹാവഡ് സർവ്വകലാശാലയിലെ ടി.എച്ച് ചാൻ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് സീനിയർ ലക്ചററുമായ ഡോ. റിച്ചാർഡ് എ കാഷ് അഭിപ്രായപ്പെട്ടു. കേരളത്തിന്റെ ഭൂപ്രകൃതിയും മറ്റു സവിശേഷതകളും രോഗവ്യാപനത്തിന് അനുകൂലമായിരുന്നിട്ടും അതിനെ മികച്ച രീതിയിൽ പ്രതിരോധിക്കാനായത് വലിയ നേട്ടമാണെന്ന് ചെന്നൈ എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. സൗമ്യ സ്വാമിനാഥൻ അഭിപ്രായപ്പെട്ടു. ണ്. ജീവിതശൈലി രോഗങ്ങളും മഹാമാരികളും അടക്കമുള്ളവയെ നേരിടാനായി ആരോഗ്യമേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തേണ്ടതുണ്ടെന്നും ഗവേഷണ രംഗത്ത് സംസ്ഥാനം കൂടുതലായി ശ്രദ്ധ ചെലുത്തണമെന്നും അവർ പറഞ്ഞു.



# ശബരിമല: വെർച്വൽ ക്യൂ ബുക്കിങ് തുടങ്ങി

**ശബരിമല:** മണ്ഡല മകരവിളക്കു തീർഥാടനത്തിനുള്ള വെർചൽ ക്യു ബുക്കിങ് തുടങ്ങി. തീർഥാടനത്തിനു തുറക്കുന്ന 16 മുതൽ മണ്ഡലപൂജ കഴി!ഞ്ഞു നട അടയ്ക്കുന്ന ഡിസംബർ 27 വരെയുള്ള ബുക്കിങ്ങാണ് ഇപ്പോൾ നടക്കുന്നത്. മകരവിളക്കു കാലത്തേക്കുള്ള ബുക്കിങ് തീർഥാടനം തുടങ്ങിയ ശേഷമേ ഉണ്ടാകൂ. sabarimalaonline.org എന്ന സൈറ്റിലാണ് വെർചൽ ക്യു ബുക്ക് ചെയ്യേണ്ടത്. ദേവസ്വം ബോർഡാണ് ബുക്കിങ് നടത്തുന്നത്. നേരത്തെ പൊലീസായിരുന്നു. ഹൈക്കോടതി നിർദേശപ്രകാരമാണ് കഴിഞ്ഞ തീർഥാടന കാലത്ത് ദേവസ്വം ബോർഡ് ഏറ്റെടുത്തത്. ബുക്കിങ്ങിനു നിയന്ത്രണം ഇല്ലെന്നു പറയുന്നുണ്ടെങ്കിലും ദിവസം ഒരു ലക്ഷത്തിനു മുകളിൽ പോകാതെ നോക്കണമെന്നാണു പൊലീസിന്റെ രഹസ്യ നിർദേശം. ബുക്കിങ് 90,000 മുകളിൽ കടന്നാൽ പതിനെട്ടാംപടി കയറാൻ അയ്യപ്പന്മാർക്ക് മണിക്കൂറുകൾ കാത്തുനിൽക്കേണ്ടി വരും. തീർഥാടകരുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ ക്യൂ കോംപ്ലക്സുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള തയാറെടുപ്പും നടക്കുന്നുണ്ട്. മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ക്യു കോംപ്ലക്സിൽ സന്നിധാനത്തെ തിരക്കിനനുസരിച്ചു ഭക്തർക്ക് നിർദേശങ്ങൾ നൽകാനുള്ള ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ പൊലീസ് ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തീർഥാടകരുടെ വാഹനങ്ങൾക്ക് ഇത്തവണയും പമ്പയിൽ പാർക്കിങ് സൗകര്യം ഇല്ല. 5000 വാഹനങ്ങൾക്കുള്ള പാർക്കിങ് സൗകര്യം പമ്പയിൽ ഉണ്ടായിരുന്നു. 2018ലെ പ്രളയത്തിൽ ഹിൽടോപ് പാർക്കിങ് ഗ്രൗണ്ടിന്റെ ഒരു വശം ഇടിഞ്ഞതിനെത്തുടർന്നാണ് പാർക്കിങ് നിരോധിച്ചത്. ഇത്തവണ ഹിൽടോപ്പ് പാർക്കിങ് ഗ്രൗണ്ടിന്റെ വശം കെട്ടി കയർ ഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തി. എന്നാൽ, പമ്പയിൽ പാർക്കിങ് വേണ്ടെന്നാണു മന്ത്രിതല യോഗ നിർദേശം. ഹിൽടോപ്പ് പാർക്കിങ് ഗ്രൗണ്ട് കെഎസ്ആർടിസിയുടെ പാർക്കിങ്ങിനു വിട്ടുകിട്ടണമെന്ന് മന്ത്രി ആന്റണി രാജുവും ഉന്നയിച്ചിട്ടുണ്ട്. നിലയ്ക്കൽ 7000 വാഹനങ്ങൾക്കുള്ള പാർക്കിങ് സൗകര്യമേയുള്ളു. 500 വാഹനങ്ങൾക്ക് അധിക പാർക്കിങ് സൗകര്യം ഒരുക്കാൻ കഴിയുന്ന കിഫ്ബി പദ്ധതിയും നടപ്പാക്കാനായിട്ടില്ല.

നിലയ്ക്കൽ ടോൾ പിരിവ് നടത്തിപ്പ് ഐസിഐസിഐ ബാങ്ക് ഏറ്റെടുത്തു. ഫാസ്ടാഗ് വഴിയാണ് പിരിവ് നടത്തുക. ഇതിനുള്ള ടോൾ ഗേറ്റിന്റെ ഉദ്ഘാടനം 10ന് നടക്കും. പാർക്കിങ് ഗ്രൗണ്ടിന്റെ പ്രവേശന കവാടത്തിലാണ് ഗേറ്റ് സ്ഥാപിക്കുന്നത്. ബസിന് 100 രൂപ, മിനി ബസിന് 75 രൂപ, 4 മുതൽ 14 സീറ്റു വരെയുള്ള വാഹനങ്ങൾക്ക് 50 രൂപ, 4 സീറ്റുള്ള കാർ, ജീപ്പ് തുടങ്ങിയവയ്ക്ക് 30 രൂപ, ഓട്ടോ 15 രൂപ എന്നിവയാണ് ടോൾ നിരക്ക്. വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ സന്നിധാനത്തും പമ്പയിലും പകൽ വൈദ്യുതി ഇല്ല. ശക്തമായ മഴയെത്തുടർന്ന് വെള്ളിയാഴ്ച രാത്രി സന്നിധാനത്ത് 2 മണിക്കൂറിൽ കൂടുതൽ വൈദ്യുതി വിതരണം മുടങ്ങി. അരവണ തയാറാക്കൽ, കെട്ടിടങ്ങളുടെയും മറ്റും അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി ആയിരത്തിലേറെ തൊഴിലാളികൾ സന്നിധാനത്തും പമ്പയിലുമായി ഉണ്ട്.

# നടപ്പ് സീസണിലെ നെല്ല് സംഭരണവില 13 മുതൽ വിതരണം ചെയ്യും

**തിരുവനന്തപുരം:** ഈ സീസണിലെ നെല്ല് സംഭരണവില നവംബർ 13 മുതൽ പി.ആർ.എസ് വായ്പയായി എസ്.ബി.ഐ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ വഴി വിതരണം തുടങ്ങും. പി. ആർ.എസ് വായ്പ വഴിയല്ലാതെ സംഭരിച്ച നെല്ലിന്റെ തുക കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ് സപ്ലൈക്കോയ്ക്ക് ഉള്ളത്. കർഷകരാണ് വായ്പ എടുക്കുന്നതെങ്കിലും തുകയും പലിശയും പിഴ പലിശ ഉണ്ടായാൽ അതും സപ്ലൈകോ പൂർണ്ണമായും അടച്ചുതീർക്കുമെന്ന് മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. കർഷകന് ഇക്കാര്യത്തിൽ ബാധ്യതയില്ല. സപ്ലൈക്കോയ്ക്കും സർക്കാരിനുമാണ് പൂർണ്ണമായ ഉത്തരവാദിത്തമെന്നും മന്ത്രി അറിയിച്ചു.ഈ സീസണിലെ (202324 ലെ ഒന്നാം വിള) നെല്ല് സംഭരണ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടക്കുന്നു. ഇതിനകം സംസ്ഥാനത്താകെ 17680.81 മെട്രിക് ടൺ നെല്ല് സംഭരിച്ചു കഴിഞ്ഞു. ആലപ്പുഴയിൽ 8808.735 മെട്രിക് ടണ്ണും കോട്ടയത്ത് 1466.5 ലക്ഷം മെട്രിക് ടണ്ണും പാലക്കാട് 6539.4 മെട്രിക് ടണ്ണും നെല്ലാണ് സംഭരിച്ചത്.11 മില്ലുകളാണ് നിലവിൽ സഹകരിക്കുന്നത്.

# വിളവെടുപ്പ് കാലത്തും മഴ; കർഷകർ പ്രതിസന്ധിയിൽ



**പനമരം :** കാപ്പി അടക്കമുള്ള വിളകളുടെ വിളവെടുപ്പ് സീസൺ ആരംഭിച്ച കർഷകർക്കു തിരിച്ചടിയായായി മഴ. നട്ടുനനച്ചു വന്യമൃഗങ്ങളോടു പടവെട്ടി വിളയിച്ച കൃഷികൾ മഴ മൂലം വിളവെടുക്കാനും വിളവെടുത്ത ഉൽപന്നങ്ങൾ ഉണക്കിയെടുക്കാനും കഴിയാതെ കർഷകർ ഇക്കുറിയും ദുരിതത്തിൽ. കാപ്പി, കുരുമുളക്, നെല്ല്, റബർ കർഷകർക്കാണു മഴ ദുരിതമാകുന്നത്. ഒക്ടോബർ നവംബർ മാസങ്ങളിൽ പഴുത്തു വിളവെടുപ്പിനു പാകമാകുന്ന കുള്ളൻ കാപ്പിക്കു പുറമേ പല കൃഷിയിടങ്ങളിലും റോബസ്റ്റ കാപ്പിയും പഴുത്ത് വിളവെടുപ്പിനു പാകമായിട്ടുണ്ട്.

ഇടവിട്ടുള്ള മഴ മൂലം പഴുത്ത കാപ്പി വിളവെടുക്കാൻ പറ്റാത്തതിനാൽ പല കൃഷിയിടങ്ങളിലും കാപ്പിക്കുരു ഉണങ്ങിക്കൊഴിഞ്ഞു വീഴുന്ന അവസ്ഥയാണ്. കഴിഞ്ഞ ഒരാഴ്ചയോളമായി മഴയെ തുടർന്നു വിളവെടുത്ത കാപ്പി ഉണക്കിയെടുക്കാൻ കഴിയാതെ കർഷകർ ബുദ്ധിമുട്ടുകയാണ്. കർഷകരിൽ പലരും മഴ മൂലം വിളവെടുത്ത കാപ്പി ഉണക്കിയെടുക്കാൻ കഴിയാതെ വീടിനുള്ളിൽ കൂട്ടിയിട്ടിരിക്കുകയാണ്.

കൂടാതെ നെല്ല് കതിരണിയുന്ന സമയത്ത് പെയ്യുന്ന മഴ നെൽക്കർഷകർക്കും വിനയാകുന്നു. തുടർച്ചയായുള്ള മഴ നെല്ലു പതിരായി മാറാൻ കാരണമാകും. ആദ്യം കൃഷിയിറക്കിയ പല പാടങ്ങളിലും നെല്ലു വിളവെടുക്കാൻ പാകമായിട്ടുണ്ട്. ഇടവിട്ടുള്ള മഴ വിളവെടുപ്പിനെ സാരമായി ബാധിക്കുകയും മൂപ്പ് കുറഞ്ഞ നെല്ലിനങ്ങളാണെങ്കിൽ വയലിലെ വെള്ളക്കെട്ടിൽ വീണു നെല്ലു നശിക്കാനും ഇടയാക്കുമെന്നു കർഷകർ പറയുന്നു.

വൈകിട്ടു പെയ്യുന്ന മഴ മൂലം റബർ ടാപ്പിങ്ങും മുടങ്ങുന്ന അവസ്ഥയാണിപ്പോൾ. അടയ്ക്കയുടെയും സ്ഥിതിയും മറിച്ചല്ല. പല വിളകൾക്കും വിലയുണ്ടെങ്കിലും മഴ മൂലം വിളവെടുക്കാൻ കഴിയാതെ നശിക്കുന്നതു കർഷകരുടെ പ്രതീക്ഷകളെ തകർക്കുകയാണ്. കഴിഞ്ഞ 5 വർഷമായി വിളവെടുപ്പ് കാലത്തെ മഴ തീർത്ത നഷ്ടം അത്ര ചെറുതല്ലെന്നു കർഷകർ പറയുന്നു.

നടവയൽ ന്മ മഴ മൂലം പഴുത്തുണങ്ങിയ കാപ്പി വിളവെടുക്കാൻ കഴിയാതെ കർഷകർ നട്ടംതിരിയുന്നതിനിടെ കാപ്പി പൂക്കുന്നു. നടവയൽ, പൂതാടി, കായക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിലാണു വിളവെടുക്കും മുൻപേ കാപ്പി വീണ്ടും പൂത്തത്. കാലാവസ്ഥാ വ്യതിയാനവും മഴയും, കടുത്ത മഞ്ഞുമാണു കാപ്പി പൂക്കാൻ കാരണം.

പെട്ടെന്നു മഴ മാറിയാലും പലയിടങ്ങളിലും കാപ്പി പൂത്തതിനാൽ പഴുത്തുണങ്ങിയ കാപ്പിക്കുരു പറിച്ചെടുക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. കഴിഞ്ഞ 6 വർഷമായി വിളവെടുപ്പ് സമയത്ത് സ്ഥിരമായി കാപ്പി പൂക്കുന്നതു കർഷകർക്ക് ദുരിതമാകുന്നു. വിളവെടുപ്പുകാലത്ത് കാപ്പി പൂക്കുന്നതു വിളവ് കുറയുന്നതിനും കാരണമാകും.



# ആടിയുലഞ്ഞ് കാർഷികമേഖല; റബർ കർഷകർ ആശങ്കയിൽ

**വെള്ളരിക്കുണ്ട്:** കുരുമുളകിന് വീണ്ടും ദ്രുതവാട്ടം തുടങ്ങി. ഇലകൾ വാടി ക്രമേണ തണ്ടടക്കം ഉണങ്ങി വീഴുകയാണ്. ഇത്തവണ കുരുമുളകിന് നല്ല കായബലം ഉള്ളതിനാൽ വലിയ പ്രതീക്ഷയിൽ കഴിഞ്ഞിരുന്ന കർഷകർ കടുത്ത ആശങ്കയിലാണ്. നാണ്യവിളകളിൽ കുരുമുളകിനു ന്യായമായ വില ഉള്ളതിനാൽ പലകർകരും കുരുമുളക് കൃഷിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുവെങ്കിലും ഇലവാട്ട രോഗം വ്യാപകമാകുന്നത് കടുത്ത പ്രഹരമായി. തുലാമഴ ശക്തമായപ്പോൾ കുരുമുളക് വ്യാപകമായി പൊഴിയുന്നതും കർഷകരെ ദുരിതത്തിലാക്കി. മലയോര പഞ്ചായത്തുകളിലാണ് കൂടുതലും ദ്രുതവാട്ടം മൂലം കുരുമുളക് വള്ളികൾ നശിക്കുന്നത്.

ഭീമനടിന്മ റബറിന്റെ വിലയിടിവും തുലാമഴ ശക്തമായതും റബർ കർഷകരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കി. ഷേഡ് ഇട്ടവർക്ക് പോലും ടാപ്പ് ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. ഒക്ടോബർ മുതൽ ടാപ്പിങ് ലഭിക്കാറുണ്ടെങ്കിലും ഇത്തവണ ഒറ്റചെത്തുപോലും ലഭിച്ചില്ല. ടാപ്പിങ് ചെയ്യാത്തതിനാൽ ചീക്ക് രോഗവും വർധിച്ചു. വിളവെടുക്കാൻ പറ്റാത്തതിനാൽ യഥാസമയത്ത് വളപ്രയോഗവും നടത്താൻ കഴിഞ്ഞില്ല. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത് കർഷകതൊഴിലാളിക്കും പണിയില്ലാതെയായി. ജില്ലയിൽ ഏറ്റവും കൂടുതൽ റബർ കർഷകരുള്ളത് വെള്ളരിക്കുണ്ട് താലൂക്കിലാണ്. റബർവില കുത്തനെ ഇടിഞ്ഞതിനാൽ ടാപ്പിങ് കൂലി കൊടുക്കാൻപോലും വരുമാനം ലഭിക്കാത്തതിനാൽ പലരും റബർമരം മുറിച്ച് വിൽക്കാനും തുടങ്ങി. ടാപ്പിങ് തൊഴിലാളികളെ കിട്ടാത്തതിനാൽ ഹെക്ടർകണക്കിന് റബർതോട്ടം ടാപ്പ് ചെയ്യാതെ കിടക്കുന്നതും കാണാം. മലോയരത്തെ ഭൂരിഭാഗം കർഷകരും റബറിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. റബറിന് സർക്കാർ പ്രഖ്യാപിച്ച അധികവിലയും പൂർണമായും കർഷകർക്ക് ലഭിച്ചിട്ടില്ല.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663